

# ഇസ്ലാമിക് ക്വിസ്

(ഭാഗം- 2)

ഡോ. മിസ്സിസ് മുബാറക്കാ മുഹമ്മദ്

BASHEER Manjeshwar

# ഇസ്ലാമിക് ക്വിസ്സ്

## (ഭാഗം-2)

ഡോ. മിസ്സിസ് മുബാറക്കാ മുഹമ്മദ്

പ്രസാധകർ:

ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരള

ഫോർട്ട് റോഡ്, കണ്ണൂർ- 670 001

**Islamic Quiz** (Part- 2)
(Malayalam)

Author :
Dr. Mrs. Mubarakka Muhammad

Printed at:
BRB Offset Printers, Thavakkara, Kannur- 17

Published by :
Islam International Publications, Kerala

Copies: 1000

I[st] Edition : November 2007

Price: 20/-

IIPK/12

# പ്രസാധകക്കുറിപ്പ്

ഡോ.മുബാറക്കാ മുഹമ്മദിന്റെ ഇസ്‌ലാമിക ക്വിസ് രണ്ടാം ഭാഗം നമ്മുടെ അറിവിനെ വിശാലമാക്കാൻ സാധ്യമായ ഒരു ലഘുകൃതിയാണ്. ഇസ്‌ലാമിക ക്വിസ് ഒന്നാം ഭാഗം വളരെ വേഗത്തിൽ പഠിതാക്കൾ സ്വീകരിച്ചു എന്നത്, വളരെ ശ്രദ്ധേയമായൊരു കാര്യമാണ്. ചരിത്രത്തിന്റെയും ആദർശത്തിന്റെയും തത്ത്വസംഹിതയുടെയും പിൻബലത്തോടെ വിജ്ഞാനം 'കാപ്സ്യൂൾ' രൂപത്തിൽ അനുവാചകർക്ക് ലഭിച്ചു എന്നത് രോഗശമനംപോലെ ആശ്വാസകരമായ വസ്തുതയാണ്. ഒന്നാം ഭാഗത്തിൽ ഇസ്‌ലാം മതത്തിന്റെ സർവ്വസ്പർശിയായ ആധ്യാത്മിക-ഭൗതികതലത്തെയാണ് നമ്മുടെ മുന്നിൽ അവർ അവതരിപ്പിച്ചത്. ഈ പുസ്തകത്തിലാകട്ടെ ഇസ്‌ലാമിന്റെ യഥാർത്ഥ രൂപമായി പ്രത്യക്ഷപ്പെട്ട ആധുനിക യുഗത്തിലെ മത നവോത്ഥാന പ്രസ്ഥാനമായ അഹ്‌മദിയ്യാ ജമാഅത്തിന്റെ പ്രാധാന്യമാണ് വ്യക്തമാക്കപ്പെടുന്നത്.

ആതുരശുശ്രൂഷാ രംഗത്ത് മികച്ച വൈദഗ്ദ്ധ്യം പ്രകടിപ്പിക്കുകയും സേവനസന്നദ്ധയാവുകയും ചെയ്ത ഡോ. മുബാറക്കാ മുഹമ്മദ് ആധ്യാത്മിക മതരംഗങ്ങളിൽ മറ്റുള്ളവർക്ക് ഒരു മാർഗ്ഗദീപം കൂടിയാണ്. അറിവിനുവേണ്ടി അവർ സ്വീകരിച്ചിരിക്കുന്ന രീതി ഈ ഇസ്‌ലാമിക ക്വിസ്സിനെ സജീവമാക്കിത്തീർക്കുന്നു. അതുകൊണ്ടുതന്നെ നമ്മുടെ ഹൃദയത്തെ ദീപ്തമാക്കുന്ന ഈ ഇസ്‌ലാമിക ക്വിസ്സ് വളരെ ചാരിതാർത്ഥ്യത്തോടെ ഞങ്ങൾ അനുവാചകർക്ക് മുമ്പിൽ സമർപ്പിക്കുന്നു.

*സദ്ർ*

*ഇസ്‌ലാമിക് ഇന്റർനാഷണൽ പബ്ലിക്കേഷൻസ്*

*കേരള*

بسم الله الرحمن الرحيم

1. വാഗ്ദത്ത മസീഹായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ പൂർവ്വപിതാക്കളിൽ ആദ്യമായി സമർഖന്തിൽനിന്ന് പഞ്ചാബിലേക്ക് കുടിയേറിപ്പാർത്ത വ്യക്തിയാര്?
   മിർസാ ഹാദീ ബേഗ്

2. അക്കാലത്ത് അവർ താമസിച്ച പ്രദേശത്തിന് അദ്ദേഹം നല്കിയ പേരെന്ത്?
   ഇസ്ലാമ്പൂർ. പിന്നീടിത് ഇസ്ലാമ്പൂര് ഖാസി മാജ്ജി എന്ന പേരിൽ പ്രസിദ്ധമായി.

3. ഭാരതത്തിലെ ശാം ഏതാണ്?
   കാശ്മീർ

4. സിക്ക് ഭരണകൂടത്തിന്റെ ഒടുവിലത്തെ രാജാവാര്?
   മഹാരാജാ രൺജിത്സിംഗ്

5. ഹദ്റത്ത് അഹ്മദ്(അ)ന്റെ മാതാപിതാക്കളുടെ പേരെന്ത്?
   മാതാവ് ചിരാഗ്ബീബി. പിതാവ് മിർസാ ഗുലാം മുർതദ

6. ഹദ്റത്ത് അഹ്മദ്(അ)ന്റെ ആദ്യത്തെ ഉസ്താദ് ആര്?
   ഫസ്ൽ ഇലാഹി

7. ഹദ്റത്ത് അഹ്മദ്(അ)ന്റെ ശിയാവിഭാഗത്തിൽപെട്ട ഉസ്താദ് ആര്?
   മൗലാനാ ഗുൽഅലി ശാഹ്

8. ഹദ്റത്ത് അഹ്മദ്(അ)ന്റെ ആദ്യവിവാഹം ആരുമായി നടന്നു? അതിലുണ്ടായ സന്താനങ്ങൾ ആരെല്ലാം?

ഹുർമത്ത് ബീബി. രണ്ട് പുത്രന്മാർ. മിർസാ സുൽത്ത്വാൻ അഹ്മദ്, മിർസാ ഫസ്‌ൽ അഹ്മദ്.

9. ഹദ്റത്ത് അഹ്മദ്(അ)നുണ്ടായ ആദ്യത്തെ വെളിപാടെന്താ യിരുന്നു?

ثَمَانِيْنَ حَوْلًا اَوْ قَرِيْبًا مِّنْ ذٰلِكَ اَوْ تَزِيْدُ عَلَيْهِ سِنِيْنًا
تَرٰى نَسْلًا بَعِيْدًا۔

***ഥമാനീന ഹൗലൻ ഔ ഖരീബൻമ്മിൻ ദാലിക്ക ഔ തസീദു അലയ്ഹി സിനീനൻ തറാ നസ്‌ലൻ ബഈദൻ***

നിന്റെ ആയുസ്സ് 80 വർഷമായിരിക്കും. അല്ലെങ്കിൽ രണ്ടോ നാലോ കുറവ്. അല്ലെങ്കിൽ കുറച്ചുവർഷം കൂടുതൽ. ദൂരത്തുള്ള ഒരു തലമുറ കാണുന്നതുവരെ നീ ആയുസ്സ് പ്രാപിക്കും. 1865 -ലാണ് ഈ ഇൽഹാമുണ്ടായത്. (സ്വദ്‌സാലാ തഹ്‌രീഖെ അഹ്മദിയ്യത്ത്, ശുഅ്ബയെ ഇശാഅത്ത് ലജ്നാ ഇമായില്ലാഹ് കറാച്ചി, പാക്കിസ്ഥാൻ, പേജ് 38.)

10. ഹദ്റത്ത് അഹ്മദ്(അ)ന് എത്ര വയസ്സുള്ളപ്പോഴാണ് പിതാവ് ചരമം പ്രാപിച്ചത്?
41 വയസ്സ്

11. പിതാവിന്റെ ചരമം ആസന്നമായപ്പോൾ അദ്ദേഹത്തിനുണ്ടായ ദൈവികവെളിപാട് എന്തായിരുന്നു?
അലയ്സല്ലാഹു ബി കാഫിൻ അബ്ദഹു **** (അല്ലാഹു തന്റെ ദാസന് മതിയായവനല്ലേ?)

12. ആര്യസമാജത്തിന്റെ സ്ഥാപകനാര്?
പണ്ഡിറ്റ് ദയാനന്ദസരസ്വതി

13. വിശുദ്ധഖുർആന്റേയും നബിതിരുമേനി(സ)യുടേയും സത്യ ത്തിലേക്ക് പ്രബലങ്ങളായ പ്രമാണങ്ങൾ ഉന്നയിച്ചുകൊണ്ട് ഹദ്റത്ത് അഹ്മദ്(അ) രചിച്ച ഗ്രന്ഥമേത്?
ബറാഹീനെ അഹ്മദിയ്യഃ

14. പ്രസ്തുത ഗ്രന്ഥത്തിന്നെതിരിൽ 'തക്ദീബെ ബറാഹീനെ

അഹ്മദിയ്യഃ' എന്ന പേരിൽ ഒരു ശകാരസമാഹാരം രചിച്ച് പ്രസിദ്ധപ്പെടുത്തിയ വ്യക്തിയാര്?
പണ്ഡിറ്റ് ലേഖ്റാം

15. ഹദ്റത്ത് അഹ്മദ്(അ)ന് താനൊരു ഫാർസി വംശജനാണെന്നുള്ള അറിവ് ലഭിച്ചത് ഏത് വെളിപാടിലൂടെയാണ്?
***ഖുദുത്തൗഹീദത്തൗഹീദ യാ അബ്നാഅൽ ഫാരിസി***
അല്ലയോ ഫാരിസിന്റെ മക്കളേ, തൗഹീദിനെ മുറുകെപിടിക്കുക. തൗഹീദിനെ മുറുകെപിടിക്കുക)

16. "ഹം മരീളോം കീഹെ തുംഹീപെ നിഗാഹ്
തുംമസീഹ ബനോ ഖുദാകേലിയേ"
(രോഗാതുരരായ ഞങ്ങളുടെയെല്ലാം ദൃഷ്ടി അങ്ങയുടെ നേർക്കാണ് അല്ലാഹുവിനുവേണ്ടി അങ്ങ് മസീഹായാലും.)
ഈ കവിതാശകലം ആരുടേതാണ്?
ഹദ്റത്ത് സൂഫി അഹ്മദ് ജാൻ സാഹിബ്(റ)

17. ദൈവികനിയോഗത്തെ സംബന്ധിച്ച് ഹദ്റത്ത് അഹ്മദ്(അ) നുണ്ടായ ആദ്യത്തെ വെളിപാട് എന്തായിരുന്നു?
"പറയുക, ഞാൻ ദൈവത്താൽ നിയുക്തനായിരിക്കുന്നു. ഞാൻ വിശ്വാസികളിൽ പ്രഥമനത്രെ." (1882 മാർച്ച് 26-ന്)

18. ഹദ്റത്ത് അഹ്മദ്(അ)ന്റെ ജ്യേഷ്ഠൻ ഗുലാം ഖാദിർ സാഹിബിന്റെ ഭാര്യ ഹുർമത്ത് ബീബി ആദ്യം അഹ്മദിയ്യത്തിനു നേരെ അനുഭാവശൂന്യമായി പെരുമാറിയെങ്കിലും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)ടെ കാലത്ത് ബയ്അത്ത് ചെയ്തു. ഈ സംഭവം ഹദ്റത്ത് അഹ്മദ്(അ)നുണ്ടായ ഏത് വെളിപാടിന്റെ പുലർച്ചയാണ്?
'തായി ആയി' (ജ്യേഷ്ഠസഹോദരന്റെ ഭാര്യ വന്നു) എന്ന വെളിപാട്.

19. ഹദ്റത്ത് അഹ്മദ്(അ)ഉം ഹദ്റത്ത് നുസ്റത്ത് ജഹാം ബീഗം സാഹിബയും തമ്മിലുള്ള നിക്കാഹ് നടന്നത് എവിടെ വെച്ചായിരുന്നു?
ഡൽഹിയിലെ ഖാജാ മീർ ദർദ്(റഹ്)ന്റെ പള്ളിയിൽവെച്ച്.

20. പ്രസ്തുത വിവാഹത്തിൽ അദ്ദേഹത്തിന് എത്ര മക്കളാണുണ്ടായിരുന്നത്?
10 മക്കൾ. 5 പുത്രന്മാരും 5 പുത്രിമാരും (അവരിൽ 5 പേർ ചെറുപ്പത്തിൽ തന്നെ മരിച്ചുപോയി)

21. ഹദ്റത്ത് അഹ്മദ്(അ)നെ ഒരു വ്യാജ വധോദ്യമക്കേസിൽ കുടുക്കാൻ ശ്രമിച്ച അമൃത്സറിലെ പാതിരിയാര്?
ഡോ. മാർട്ടിൻ ക്ലാർക്ക്

22. ഹദ്റത്ത് അഹ്മദ്(അ)ന് 'ചെമന്ന തുള്ളികൾ' എന്ന അത്ഭുതവിഭൂതി ഉണ്ടായത് എവിടെവെച്ച്? അതിന് സാക്ഷിയായ സ്വഹാബിയാര്?
ഖാദിയാനിലെ മസ്ജിദ് മുബാറക്കിന്റെ കിഴക്കുഭാഗത്ത് പള്ളിയോടുതന്നെ ചേർന്നുള്ള ചെറിയ മുറിയിൽവെച്ച്. ഹദ്റത്ത് അബ്ദുല്ലാഹ് സാഹിബ് സനൗരി(റ)യാണ് അതിന് സാക്ഷിയായ സ്വഹാബി.

23. ആര്യസമാജത്തിന്റെ മൗലികതത്ത്വങ്ങളെ ഖണ്ഡിച്ചുകൊണ്ട് ഹദ്റത്ത് അഹ്മദ്(അ) എഴുതിയ കൃതിയേത്?
സുർമ ചശ്മെ ആര്യ

24. ഹോശിയാർപൂർ വിവാദം ആരൊക്കെ തമ്മിലായിരുന്നു?
ഹദ്റത്ത് അഹ്മദ്(അ)ഉം പ്രസിദ്ധ ആര്യസമാജ നേതാവായ പണ്ഡിറ്റ് ലാലാ മുരളീധരനും തമ്മിൽ.

25. ഹദ്റത്ത് അഹ്മദ്(അ) മുഖേന ഇസ്ലാംമതം സ്വീകരിച്ച ആദ്യത്തെ അമേരിക്കക്കാരൻ ആര്?
മിസ്റ്റർ അലക്സാണ്ടർ റസ്സൽ വെബ്ബ്

26. വാഗ്ദത്ത മസീഹിന്റെ ഏത് പുത്രനാണ് അദ്ദേഹത്തിനുണ്ടായ വെളിപാടുകളിൽ മുബശ്ശിർ, നൂറുല്ലാഹ്, ചിറാഗ്ദീൻ എന്നീ പേരുകളുണ്ടായിരുന്നത്?
ബശീർ അവ്വൽ. (ഈ കുട്ടി മുസ്ലിഹ് മൗഊദ്(റ)ന് മുമ്പേയാണ് ജനിച്ചത്. 16 മാസം പ്രായമായപ്പോൾ വഫാത്തായി).

27. ഹദ്റത്ത് അഹ്മദ്(അ) പ്രസിദ്ധീകരിച്ച 'പച്ച വിജ്ഞാ

പന'ത്തിൽ (സബ്സ് ഇശ്തിഹാർ) വാഗ്ദത്തപുത്രന് പറയപ്പെട്ടിരുന്ന പേരുകൾ ഏതൊക്കെ?
മഹ്മൂദ്, ബശീർ രണ്ടാമൻ, ഫസ്ലെഉമർ

28. വാഗ്ദത്തപുത്രൻ ജനിച്ച മുറിയുടെ പേരെന്ത്?
ബയ്ത്തുൽ ഫിക്ർ

29. ദാറുൽ ബയ്അത്ത് ഏതാണ്?
ലുധിയാനയിലെ ഹദ്റത്ത് സൂഫി അഹ്മദ്ജാൻ(റ)ന്റെ ഭവനം. അവിടെവച്ചാണ് ആദ്യത്തെ ബയ്അത്ത് നടന്നത്.

30. ഹദ്റത്ത് അഹ്മദ്(അ) താൻ വാഗ്ദത്ത മസീഹായി നിയോഗിക്കപ്പെട്ടിരിക്കുന്നുവെന്ന് പ്രഖ്യാപിച്ചത് ഏതെല്ലാം കൃതികളിലൂടെയായിരുന്നു?
1. ഫത്ഹെ ഇസ്ലാം (2) തൗസീഹെ മറാം

31. "ഞാനാണ് മിർസായെ ഉയർത്തിയത്. ഞാൻതന്നെ മിർസായെ താഴ്ത്തുകയും ചെയ്യും." ഇങ്ങനെ പറഞ്ഞ ഹദ്റത്ത് അഹ്മദ്(അ)ന്റെ എതിരാളിയുടെ പേരെന്ത്?
മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി

32. ഒന്നാമത്തെ വാർഷികജൽസ എവിടെവച്ച് നടന്നു? എത്ര പേർ പങ്കെടുത്തു?
ഖാദിയാനിലെ മസ്ജിദ് അഖ്സയിൽ. 75 പേർ.

33. ഖാദിയാനിലെ പ്രസ്സിൽനിന്ന് ആദ്യമായി അച്ചടിച്ച പുസ്തകമേത്?
ആയിനയെ കമാലാത്തെ ഇസ്ലാം

34. "ഇയാൾ നിർജ്ജീവമായ ഒരു പശുക്കുട്ടിയാണ്. അതിന്റെ ശരീരത്തിൽനിന്ന് വിരസമായ ഒരു ശബ്ദം പുറത്തുവരുന്നു" ഹദ്റത്ത് അഹ്മദ്(അ)ന് അറബിഭാഷയിലുണ്ടായ ഒരു ദിവ്യവെളിപാടാണിത്. ഇത് ആരെക്കുറിച്ചായിരുന്നു?
പണ്ഡിറ്റ് ലേഖ്റാം

35. 'നജ്മുൽ ഹിന്ദ് ആയ ഫിലോസഫർ സഹോദരൻ' എന്ന് ഹദ്റത്ത് അഹ്മദ്(അ) ആരെയാണ് വിശേഷിപ്പിച്ചത്?

സർ സയ്യിദ് അഹ്മദ് ഖാൻ

36. ഹദ്റത്ത് അഹ്മദ്(അ) പാതിരി അബ്ദുല്ലാഹ് ആഥിമുമായി നടത്തിയ വാദപ്രതിവാദത്തിന്റെ വിവരണമടങ്ങിയ പുസ്തകമേത്?
ജംഗേ മുഖദ്ദസ്

37. ഹദ്റത്ത് അഹ്മദ്(അ)നുണ്ടായ 'ഇന്ന ശാനിഅക്ക ഹുവൽ അബ്തർ' എന്ന വെളിപാട് ആരെക്കുറിച്ചായിരുന്നു?
സഅ്ദുല്ലാഹ് ലുധിയാനവി.

38. 1896-ൽ ലാഹോറിൽ സംഘടിപ്പിച്ച ധർമ്മമഹോത്സവത്തിൽ വായിക്കാനായി ഉപന്യാസം തയ്യാറാക്കുമ്പോൾ ഹദ്റത്ത് അഹ്മദ്(അ)നുണ്ടായ ദിവ്യവെളിപാടെന്തായിരുന്നു?
മസ്മൂൻ ബാലാ രഹാ (ഉപന്യാസം മുന്തിനിന്നു)

39. ഹദ്റത്ത് ബാബാനാനക്ക് ഒരു മുസ്ലിമായിരുന്നുവെന്നതിലേക്ക് തെളിവായി ഹദ്റത്ത് അഹ്മദ്(അ) എടുത്തുകാണിച്ച രണ്ട് വസ്തുക്കൾ ഏതെല്ലാം?
1. ചോലാസാഹിബ് 2. പോത്ഥിസാഹിബ്

40. പണ്ഡിറ്റ് ലേഖ്റാമിന്റെ അന്ത്യം എങ്ങനെയായിരുന്നു?
സ്വന്തം ഭവനത്തിൽവച്ച് ഒരു അജ്ഞാത ഘാതകനാൽ വധിക്കപ്പെടുകയായിരുന്നു.

41. ഹദ്റത്ത് അഹ്മദ്(അ)ന് 'ഖുത്ബ ഇൽഹാമിയ' വെളിപ്പെട്ടത് എവിടെവച്ച്? ഏത് ഭാഷയിൽ?
മസ്ജിദ് അഖ്സായിൽവച്ച്. അറബിഭാഷയിൽ.

42. ഹദ്റത്ത് അഹ്മദ്(അ) അറബിഭാഷ ഭാഷാജനനിയാണെന്ന് സമർത്ഥിച്ചത് ഏത് ഗ്രന്ഥത്തിലൂടെയാണ്?
മിനനുർ റഹ്മാൻ

43. ഹദ്റത്ത് അഹ്മദ്(അ) സൂറഃ ഫാത്തിഹായുടെ വ്യാഖ്യാനം അറബിഭാഷയിൽ എഴുതി പ്രസിദ്ധീകരിക്കയുണ്ടായി. ആ ഗ്രന്ഥത്തിന്റെ പേരെന്ത്?
ഇഅ്ജാസുൽ മസീഹ്

44. ഹദ്റത്ത് അഹ്മദ്(അ) രചിച്ച ആദ്യത്തെ അറബികൃതിയേത്?
'ആയിനയെ കമാലാത്തെ ഇസ്ലാം' എന്ന ഗ്രന്ഥത്തോടനുബന്ധിച്ച് എഴുതിയ 'അത്തബ്ലീഗ്'.

45. ഹദ്റത്ത് അഹ്മദ്(അ)ന്റെ പ്രവചനപ്രകാരം നാശമടഞ്ഞ അമേരിക്കയിലെ മിശിഹാവാദിയാര്?
ഡോ. ജോൺ അലക്സാണ്ടർ ഡൂയി.

46. വിക്ടോറിയാരാജ്ഞിയുടെ വജ്രജൂബിലിക്ക് സമർപ്പിക്കാൻ ഹദ്റത്ത് അഹ്മദ്(അ) രചിച്ച കൃതിയേത്?
തുഹ്ഫയെ ഖയ്സരിയ്യഃ

47. ബദ്ർ പത്രത്തിന്റെ ആദ്യത്തെ പേരെന്ത്?
'അൽഖാദിയാൻ'

48. ഇസ്ലാമിക് മിഷണറി കോളേജ് എന്നറിയപ്പെടുന്ന സ്ഥാപനമേത്?
ജാമിഅ അഹ്മദിയ്യാ.

49. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) 1906 മാർച്ച് 1-ന് ഒരു ത്രൈമാസിക തുടങ്ങി. അതിന് പേരുവെച്ചതാര്?
ഹദ്റത്ത് മസീഹ് മൗഊദ്(അ). തശ്ഹീദുൽ അദ്ഹാൻ.

50. ഇമാമുസ്സമാന്റെ ലക്ഷണങ്ങളും സ്വഭാവങ്ങളും ആത്മീയശക്തികളും വിവരിക്കുന്ന ഹദ്റത്ത് അഹ്മദ്(അ)ന്റെ ലഘുകൃതിയേത്?
സറൂറത്തുൽ ഇമാം.

51. ഹദ്റത്ത് അഹ്മദ്(അ)ന്റെ ഒരു പ്രധാന എതിരാളിയായിരുന്ന ബാബു ഇലാഹി ബഖ്ശിന്റെ അന്ത്യം എങ്ങനെയായിരുന്നു?
1907-ൽ പ്ലേഗ് പിടിച്ച് മരിച്ചു.

52. ഹദ്റത്ത് അഹ്മദ്(അ)ന്റെ വഹ്യ്, ഇൽഹാം, കശ്ഫ് സ്വപ്നങ്ങൾ ഇവയുടെ വ്യാഖ്യാനങ്ങൾ എന്നിവ ക്രോഡീകരിച്ച് പിന്നീട് തയ്യാറാക്കപ്പെട്ട ഗ്രന്ഥമേത്?
തദ്കിറ

53. ഹദ്റത്ത് അഹ്മദ്(അ) വഫാത്താകുന്നതിന് ആറ് ദിവസം മുമ്പേ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ ഒരു പ്രഖ്യാതഗ്രന്ഥമേത്?
ചശ്മയെ മഅ്രിഫ

54. "പിന്നെ ലോകത്ത് ഒരേ മതവും ഒരേ നേതാവും മാത്രമായിരിക്കും. ആ ബീജം എന്റെ കൈയാൽ വിതയ്ക്കപ്പെട്ടിരിക്കയാണ്. അതിനി വളർന്നുവരികയും യഥാകാലം പൂക്കുകയും ചെയ്യും. ഇതിനെ തടയാൻ ആരാലും സാധ്യമല്ല." ഹദ്റത്ത് അഹ്മദ്(അ)ന്റെ ഈ വരികൾ ഏത് ഗ്രന്ഥത്തിൽ?
തദ്ക്കിറത്തുശ്ശഹാദത്തയ്ൻ

55. ഹദ്റത്ത് അഹ്മദ്(അ)നെക്കുറിച്ച് 'ധൈഷണികാത്ഭുതങ്ങളുടെ ജീവൽപ്രതീകം' എന്ന് പറഞ്ഞതാര്?
മൗലാനാ അബുൽകലാം ആസാദ്

56. ഹദ്റത്ത് അഹ്മദ്(അ)ന്റെ ഒരു സ്വഹാബിയായ മൗലാനാ അബ്ദുസ്സത്താർ ശാഹ്(റ) ഒരു ദിവ്യദർശനത്തിൽ മസ്ജിദ് മുബാറക്കിന്റെ മിമ്പർ കരയുന്നതായി കണ്ടു. ഇത് ഏത് സംഭവത്തിന്റെ സൂചനയായിരുന്നു?
മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടിയുടെ വഫാത്ത്.

57. ഹദ്റത്ത് അഹ്മദ്(അ)ന്റെ ലിഖിതങ്ങളധികവും പാർസിഭാഷയിൽ വിവർത്തനം ചെയ്തതാര്?
മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടി(റ).

58. "അതിശീഘ്രം തകർന്നുകൊണ്ടിരിക്കുന്ന ഒരു നാഗരികതയിലാണ് നാമിന്ന് ജീവിക്കുന്നത്. നോഹയുടെ കാലത്തെപ്പോലെ ചുറ്റുമുള്ള നാശത്തിൽനിന്ന് രക്ഷപ്പെടുവാനായി നാം മറ്റൊരു പെട്ടകം നിർമ്മിക്കേണ്ടിയിരിക്കുന്നു." ഇപ്രകാരം പറഞ്ഞ ലോകപ്രശസ്ത ചിന്തകനും ചരിത്രപണ്ഡിതനും ശാസ്ത്രജ്ഞനുമായ വ്യക്തിയാര്?
എച്ച്.ജി. വെൽസ്

59. ലോകത്ത് സംഭവിക്കാനിരിക്കുന്ന ഭൂകമ്പങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങളടങ്ങിയ ഹദ്റത്ത് അഹ്മദ്(അ)ന്റെ കൃതിയേത്?
ബറാഹീനെ അഹ്മദിയ്യാ (അഞ്ചാം ഭാഗം)

60. ഹദ്റത്ത് അഹ്മദ്(അ)ന്റെ ഒരു എതിരാളിയും അഹ്ലെ ഹദീസ് കക്ഷിനേതാവുമായ വ്യക്തിയാര്?
മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി.

61. ഹദ്റത്ത് അഹ്മദ്(അ) താൻ കൃഷ്ണന്റെ ആവിർഭാവമാണെന്ന് പ്രഖ്യാപിച്ചത് ഏത് കൃതിയിലൂടെയാണ്?
ലക്ചർ സിയാൽക്കോട്ട്

62. പ്ലേഗ് പിടിപെട്ടവരിൽ സൗജന്യ വിതരണം ചെയ്യാനായി ഹദ്റത്ത് അഹ്മദ്(അ) തയ്യാറാക്കിയ മരുന്നിന് എന്ത് പേരാണ് വെച്ചത്?
തിരിയാകെ ഇലാഹി.

63. ബാബു ഇലാഹി ബഖ്ശ് തനിക്കും ദിവ്യവെളിപാടുകൾ ഉണ്ടാകാറുണ്ടെന്ന് വാദിച്ചപ്പോൾ അതിനെ ഖണ്ഡിച്ചുകൊണ്ട് ഹദ്റത്ത് അഹ്മദ്(അ) രചിച്ച ലഘുകൃതിയേത്?
തിരിയാകുൽ ഖുലൂബ്.

64. ഇസ്ലാമിൽനിന്ന് മുർത്തദ്ദായി ക്രിസ്തുമതം സ്വീകരിച്ച ഡോ. അഹ്മദ് ശാഹ് ശായിഖ് എഴുതിയ 'ഉമ്മഹാത്തുൽ മുഅ്മിനീൻ' എന്ന ക്ഷുദ്രകൃതിക്കെതിരെ ഹദ്റത്ത് അഹ്മദ്(അ) രചിച്ച കൃതിയേത്?
ഫരിയാദെ ദർദ്

65. അഫ്ഗാനിസ്ഥാനിൽ ശഹീദാക്കപ്പെട്ട വാഗ്ദത്ത മസീഹിന്റെ രണ്ട് അനുയായികൾ ആരെല്ലാം?
(1) മൗലാനാ അബ്ദുർ റഹ്മാൻ സാഹിബ്
(2) സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബ്

66. ഈ ശഹാദത്തിനെക്കുറിച്ച് ഹദ്റത്ത് അഹ്മദ്(അ)നുണ്ടായ വെളിപാടെന്തായിരുന്നു?
ശാത്താനീ തുദ്ബഹാനി (രണ്ടാടുകൾ അറുക്കപ്പെടും)

67. പ്രസ്തുത സംഭവത്തെ പരാമർശിച്ച് ഹദ്റത്ത് അഹ്മദ്(അ) രചിച്ച കൃതിയേത്?
തദ്ക്കിറത്തുശ്ശഹാദത്തയ്ൻ

68. ഹദ്റത്ത് അഹ്മദ്(അ) തന്റെ ഏത് സന്താനത്തെയാണ് 'ജിഗർ കാ ടുക്ഡാ' (കരളിന്റെ കഷണം) എന്ന് വിശേഷിപ്പിച്ചത്?
ഇളയമകൻ മിർസാ മുബാറക് അഹ്മദ്

69. ഹദ്റത്ത് അഹ്മദ്(അ) ആരെയാണ് ഒരു അത്തറിന്റെ കുപ്പിയോട് ഉപമിച്ചത്?
ഹദ്റത്ത് സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബ്(റ)

70. ഹദ്റത്ത് അഹ്മദ്(അ) 1875-76 കളിൽ 8-9 മാസം രഹസ്യമായി നോമ്പനുഷ്ഠിക്കുകയും തദവസരത്തിൽ അദ്ദേഹത്തിന് അനേകം കശ്ഫുകളും ദർശനങ്ങളും ലഭിക്കുകയുമുണ്ടായി. ഈ സമയത്ത് അദ്ദേഹം കഴിച്ചുകൂട്ടിയ മുറിയുടെ പേരെന്ത്?
ബയ്ത്തുർ റിയാളത്ത്

71. ഖാദിയാനിലെ മസ്ജിദ് അഖ്സ പണി കഴിപ്പിച്ചതാര്?
വാഗ്ദത്ത മഹ്ദി മസീഹിന്റെ പിതാവ് ഹദ്റത്ത് മിർസാ ഗുലാം മുർതള

72. മസ്ജിദ് അഖ്സയുടെ കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന ഖബ്ർ ആരുടേത്?
വാഗ്ദത്ത മഹ്ദി മസീഹിന്റെ പിതാവിന്റേത്

73. ഹദ്റത്ത് സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബ്(റ)നെ ഹദ്റത്ത് അഹ്മദ്(അ)ന്റെ ശിഷ്യത്വത്തിലേക്ക് ആകർഷിച്ചത് ഹദ്റത്ത് അഹ്മദ്(അ)ന്റെ ഏത് ഗ്രന്ഥമായിരുന്നു?
ആയിനയെ കമാലാത്തെ ഇസ്‌ലാം

74. മിനാരത്തുൽ മസീഹിന് തറക്കല്ലിട്ടതാര്?
വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

75. മിനാരത്തുൽ മസീഹിന്റെ ഉയരമെത്ര?
105 അടി

76. ബിഹിശ്തി മഖ്ബറയിൽതന്നെയുള്ള ഒരുസ്ഥലത്ത് ആദ്യ കാലത്ത് ഹദ്റത്ത് മഹ്ദി മസീഹ്(അ) തന്റെ അനുയായിക ളോടൊപ്പം ഇരിക്കുകയും വിജ്ഞാനസദസ്സുകൾ നടത്തുകയും ചെയ്യുക പതിവായിരുന്നു. എന്താണ് ആ സ്ഥലത്തിന്റെ പേര്?
ശാഹ് നശീൻ

77. ഹദ്റത്ത് മഹ്ദി മസീഹ്(അ) വഫാത്തായത് എവിടെവച്ച്?
ലാഹോറിൽ

78. 'സുൽത്താനുൽ ഖലം' എന്ന വിശേഷണം ആരെക്കുറിച്ചാണ്?
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

79. 'ലൈഫ് ഓഫ് അഹ്മദ്' എന്ന ഗ്രന്ഥത്തിന്റെ കർത്താവാര്?
മൗലാനാ അബ്ദുർറഹീം സാഹിബ് ദർദ്(റ)

80. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന് 'മുസൽമാനോം കാ ലീഡർ' എന്ന് ഇൽഹാമുണ്ടായി. അത് ആരെക്കുറിച്ചാണ്?
മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടി(റ)

81. അദ്ദേഹത്തിനുണ്ടായ 'ഖമറുൽ അമ്പിയാഅ്' എന്ന ഇൽഹാം ആരെക്കുറിച്ചാണ്?
ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ)

82. വാഗ്ദത്ത മഹ്ദി മസീഹിന്റെ ശിഷ്യന്മാരിൽ ആദ്യത്തെ രക്ത സാക്ഷിയാര്?
മൗലാനാ അബ്ദുർറഹ്മാൻ സാഹിബ്(റ)

83. യുവാവായിരിക്കെ സിക്ക് മതത്തിൽനിന്ന് ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്യുകയും വിഭജനകാലത്ത് ഖാദിയാനിൽ ദാർവേശാകാൻ ഭാഗ്യം സിദ്ധിച്ചതുമായ വ്യക്തിയാര്?
ഭായി അബ്ദുറഹീം സാഹിബ്(റ)

84. അഹ്മദിയ്യാ ജമാഅത്തിന്റെ ആദ്യത്തെ ഇജ്മാഅ് (ഏകക ണ്ഠമായ തീരുമാനം) എന്തായിരുന്നു?
ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ്(റ)നെ ഒന്നാം ഖലീഫയായി തിരഞ്ഞെടുത്തത്.

85. മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ്(റ)ന്റെ ജന്മസ്ഥലമേത്?
പഞ്ചാബിലെ ഭേര

86. അദ്ദേഹത്തിന്റെ വംശാവലി ഏത് മഹൽവ്യക്തിയിൽനിന്നാണ് ആരംഭിക്കുന്നത്?
ഹദ്റത്ത് ഉമറുൽഫാറൂഖ്(റ)ന്റെ.

87. ഹദ്റത്ത് അഹ്‌മദ്(അ)നെ കാണുന്നതിന് മുമ്പേ ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ്(റ)ന്റെ ഔദ്യോഗിക പദവി എന്തായിരുന്നു?
കാശ്മീർ മഹാരാജാവിന്റെ കൊട്ടാരവൈദ്യൻ.

88. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ ആത്മകഥാ കൃതിയേത്?
'മിർഖാത്തുൽ യഖീൻ'

89. 'അജ്ഞൻ അഭിവൃദ്ധപ്പെട്ടാൽ വിദ്വാൻ, വിദ്വാൻ വളർന്നാൽ തത്ത്വജ്ഞാനി, തത്ത്വജ്ഞാനി വളർന്നാൽ നൂറുദ്ദീൻ' ഇത് ആരുടെ വാക്കുകളാണ്?
സർ സയ്യിദ് അഹ്‌മദ് ഖാൻ

90. വാഗ്ദത്ത മഹ്ദി മസീഹിനുശേഷം ഖലീഫാ സ്ഥാനത്ത് ഉപവിഷ്ഠനായ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ഖിലാഫത്ത് കാലം എത്ര കൊല്ലം നീണ്ടുനിന്നു?
6 വർഷം

91. ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ്(റ)നെ ഖലീഫയായി തിരഞ്ഞെടുത്തത് എവിടെവച്ച്? ആ സ്ഥലത്തിന്റെ പേരെന്ത്?
ബിഹിശ്തി മഖ്ബറയിലെ ജനാസാ ഗാഹിന്നടുത്തുള്ള സ്ഥലത്തുവെച്ച്. മഖാമെ ഉഹൂറെ ഖുദ്റത്തെ ഥാനിയ.

92. ഖാദിയാനിലെ മസ്ജിദ് നൂറിന് തറക്കല്ലിട്ടതാർ?
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)

93. ഒന്നാം ഖലീഫക്ക് ആദ്യമായി ബയ്അത്ത് ചെയ്തത് എത്ര പേരായിരുന്നു?

1200 പേർ

94. ലണ്ടനിൽ ആദ്യമായി ഒരു മുസ്‌ലിം മിഷൻ സ്ഥാപിതമായത് ആരുടെ കാലത്താണ്?
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ

95. 'ഫള്‌ലുൽ കിതാബ്' എന്ന ഗ്രന്ഥത്തിന്റെ കർത്താവാര്?
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)

96. തസ്ദീഖെ ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തിന്റെ കർത്താവാര്?
ഖലീഫത്തുൽ മസീഹ് അവ്വൽ ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ).

97. ഫള്‌ലെ ഉമർ എന്നറിയപ്പെടുന്നതാര്?
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

98. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) തിരഞ്ഞെടുക്കപ്പെട്ടത് എവിടെവച്ച്?
മസ്ജിദ് നൂറിൽ.

99. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) അഹ്മദിയ്യത്തിന്റെ ചരിത്രം നിർമ്മിക്കാൻ നിയോഗിച്ചത് ആരെ?
ഹദ്റത്ത് മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബ് ശാഹിദിനെ

100. ജമാഅത്തിന്റെ തബ്‌ലീഗ് രംഗം വിപുലമാക്കാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) തയ്യാറാക്കിയ സാമ്പത്തിക പദ്ധതിയേത്?
തഹ്‌രീകെ ജദീദ്

101. ലണ്ടനിലെ ആദ്യത്തെ അഹ്മദിയ്യാ പള്ളിയുടെ പേരെന്ത്? അതിന് തറക്കല്ലിട്ടതാര്?
മസ്ജിദ് ഫള്‌ൽ. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ).

102. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് അൽമുസ്‌ലിഹ് മൗഊദ്(റ)ന്റെ സീമന്തപുത്രനാര്?

ഹദ്റത്ത് മിർസാ നസീർ അഹ്മദ്. 1906-ൽ ജനിച്ചു. ചെറുപ്പ ത്തിൽതന്നെ വഫാത്തായി. ലാഹോറിലാണ് അടക്കിയത്. (സവാനെഹ് ഫള്‌ലെ ഉമർ, വാല്യം 1, പേജ് 146)

103. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സീറത്തുന്നബിയോഗങ്ങൾ സംഘടിപ്പിക്കാൻ ആഹ്വാനം ചെയ്യാനുണ്ടായ കാരണമെന്ത്?
രാജ്പാൽ എഴുതിയ 'റങ്കീലാ റസൂൽ' എന്ന ക്ഷുദ്രകൃതിയും അനുബന്ധ സംഭവങ്ങളും

104. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കമ്മ്യൂണിസത്തിന്റെ തകർച്ചയെക്കുറിച്ചുള്ള പ്രവചനമടങ്ങുന്ന കൃതിയേത്?
നിസാമെ നൗ

105. ആഫ്രിക്കയിൽ ആശുപത്രികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിച്ചു തുടങ്ങിയത് ഏത് പദ്ധതിയുടെ കീഴിലാണ്?
നുസ്റത്ത് ജഹാൻ സ്കീം

106. അഹ്മദിയ്യാ ഖലീഫമാരിൽ ആദ്യമായി യൂറോപ്യൻ പര്യടനം നടത്തിയതാര്?
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)

107. ഈ പര്യടനവേളയിൽ നടന്ന ഒരു സർവ്വമത സമ്മേളനത്തിൽ ഹുസൂറിന്റെ പ്രൗഢമായ ഒരു പ്രഭാഷണം പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. ഏതാണ് ആ പുസ്തകം?
അഹ്മദിയ്യത്ത് അഥവാ ഹഖീഖി ഇസ്‌ലാം (യഥാർത്ഥ ഇസ്‌ലാം)

108. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)ടെ കാലത്ത് അഫ്ഗാനിസ്ഥാനിൽ ശഹീദാക്കപ്പെട്ട അഹ്മദി മുബല്ലിഗ് ആര്?
ഹദ്റത്ത് നിഅ്മതുല്ലാഹ് ഖാൻ(റ)

109. 'ദഅ്വത്തുൽ അമീർ' എന്ന ഗ്രന്ഥത്തിന്റെ കർത്താവാര്?
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)

110. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) 'ഖാലിദെ അഹ്മദിയ്യത്ത്' എന്ന ബഹുമതി നല്കിയത് ആർക്കൊക്കെയാണ്?

(തിരുനബിയുടെ പ്രസിദ്ധ അനുയായിയും പടവീരനുമായിരുന്ന ഖാലിദ് ബിൻ വലീദിന് സദൃശ്യരായവർ)

1. ഹദ്റത്ത് മൗലാനാ ജലാലുദ്ദീൻ സാഹിബ് ശംസ്(റ)
2. ഹദ്റത്ത് മൗലാനാ അബുൽഅത്താ സാഹിബ് ജലന്തരി(റ)
3. ഹദ്റത്ത് മൗലാനാ അബ്ദുർറഹ്മാൻ സാഹിബ് ഖാദിം(റ)

111. അഹ്മദിയ്യാ ഖലീഫമാരിൽ പരിശുദ്ധ ഹജ്ജ് കർമ്മം നിർവ്വഹിച്ചവർ ആരെല്ലാം?
ഖലീഫത്തുൽ മസീഹ് അവ്വൽ(റ), ഖലീഫത്തുൽ മസീഹ് ഥാനി(റ)

112. പാക്കിസ്ഥാനിലെ റബ്വ പട്ടണത്തിനുവേണ്ടി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) വാങ്ങിയ സ്ഥലത്തിന്റെ വിസ്തീർണ്ണമെത്ര?
1034 ഏക്കർ

113. റബ്വ പട്ടണം ഏത് നദീതീരത്ത് സ്ഥിതി ചെയ്യുന്നു?
ചിനാബ് നദി

114. ഇന്ത്യാ-പാക്ക് വിഭജനത്തിനുശേഷം ഖാദിയാൻ സംരക്ഷണത്തിന്നായി നിയോഗിക്കപ്പെട്ട ദാർവേശുമാരുടെ എണ്ണമെത്ര?
313

115. അഹ്മദിയ്യാ പ്രസ്ഥാനത്തിന്നെതിരിൽ രാഷ്ട്രീയാടിസ്ഥാനത്തിലുണ്ടായ ആദ്യത്തെ നീക്കമേതായിരുന്നു?
അഹ്റാർ പ്രക്ഷോഭം

116. 1953-ൽ പാക്കിസ്ഥാനിൽ നടന്ന അഹ്മദിയ്യാവിരുദ്ധ കലാപത്തെ തുടർന്ന് മുസ്‌ലിം-അമുസ്‌ലിം പ്രശ്നം സംബന്ധിച്ചുള്ള വിവാദങ്ങളിൽ തീരുമാനമെടുക്കാനുള്ള ഒരു ആധികാരിക രേഖയായി കണക്കാക്കപ്പെടുന്നത് ഏത്?
മുനീർ കമ്മീഷൻ റിപ്പോർട്ട്

117. തഹ്ദീസെ നിഅ്മത് എന്ന ആത്മകഥാകൃതി ആരുടേത്?
ഹദ്റത്ത് ചൗദ്ദരി സർ മുഹമ്മദ് സഫറുല്ലാഹ്ഖാൻ സാഹിബ്(റ)

118. 'ദിക്റെ ഹബീബ്' എന്ന പുസ്തകം എഴുതിയതാര്?
ഹദ്റത്ത് ഡോ. മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്(റ)

119. വിഭജന സമയത്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) തന്റെ സ്വന്തം മകനെ ഖാദിയാന്റെ സംരക്ഷണത്തിനുവേണ്ടി ഖാദിയാനിൽ നിറുത്തുകയുണ്ടായി. ആരാണാവ്യക്തി? അന്ന് അദ്ദേഹത്തിന് എത്ര വയസ്സായിരുന്നു?
ഹദ്റത്ത് മിയാൻ വസീം അഹ്മദ് സാഹിബ്. 20 വയസ്സ്. (1948 മാർച്ച് 5-ന്)

120. റബ്വയിൽ നിർമ്മിച്ച ഒന്നാമത്തെ പള്ളി ഏത്? അതിന് തറ ക്കല്ലിട്ടതാര്?
ബയ്തെ യാദ്ഗാർ. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ).

121. റബ്വയിലെ ഏറ്റവും വലിയ ആശുപത്രിയുടെ പേരെന്ത്?
ഫസ്‌ലെ ഉമർ ഹോസ്പിറ്റൽ

122. പ്രസ്തുത ആശുപത്രിയോടനുബന്ധിച്ച് തുടങ്ങിയ ഹൃദ്രോഗ ചികിത്സാ സ്ഥാപനത്തിന്റെ പേരെന്ത്?
ത്വാഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട്

123. ഖാദിയാനിലെ അഹ്മദിയ്യാ ആശുപത്രിയുടെ പേരെന്ത്?
നൂർ ഹോസ്പിറ്റൽ

124. ഖലീഫയാകുന്നതിന് മുമ്പേ ഹദ്റത്ത് മിർസാ നാസിർ അഹ്മദ്(റഹ്) ഏത് ഔദ്യോഗിക പദവിയാണ് വഹിച്ചുകൊ ണ്ടിരുന്നത്?
സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ പ്രസിഡന്റ്

125. ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബ്(റഹ്)ന്റെ ഖിലാ ഫത്ത് കാലം എത്ര വർഷമായിരുന്നു?
പതിനാറര കൊല്ലം (1965 നവംബർ 8- 1982 ജൂൺ 9).

126. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്) തന്റെ എത്രാ മത്തെ വയസ്സിലാണ് വിശുദ്ധഖുർആൻ മനഃപാഠമാക്കിയത്?
13-ാം വയസ്സിൽ

127. തന്റെ ഇംഗ്ലണ്ടിലെ വിദ്യാഭ്യാസകാലത്ത് ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബ് ആരംഭിച്ച മാസികയുടെ പേരെന്ത്?
അൽ ഇസ്ലാം

128. 600 വർഷങ്ങൾക്കുശേഷം സ്പെയിനിൽ ആദ്യമായി ഒരു മുസ്ലിം പള്ളിക്ക് തറക്കല്ലിട്ടത് ആരുടെ ഖിലാഫത്ത് കാലത്താണ്?
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്)ന്റെ കാലത്ത്

129. 'എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്' എന്ന മഹനീയ മുദ്രാവാക്യം അഹ്മദിയ്യാ ജമാഅത്തിന് സമ്മാനിച്ചതാര്?
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്)

130. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്) ആവിഷ്കരിച്ച പ്രധാന പദ്ധതികൾ ഏതൊക്കെ?
ലീപ് ഫോർവേർഡ് പദ്ധതി, നുസ്റത്ത് ജഹാൻ ഫണ്ട്, ഫസ്ലെ ഉമർ ഫൗണ്ടേഷൻ, അഹ്മദിയ്യാ ശതവാർഷിക ജൂബിലി

131. അഹ്മദിയ്യാ ജമാഅത്തിൽ വിശുദ്ധഖുർആൻ വാരാഘോഷം നടപ്പിലാക്കിയതാര്?
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്)

132. ഖലീഫയായി തിരഞ്ഞെടുക്കപ്പെടുന്നതിന് തൊട്ടുമുമ്പേ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്) വഹിച്ച ഔദ്യോഗിക പദവികൾ എന്തായിരുന്നു?
വഖ്ഫെ ജദീദ് നാസിം ഇർശാദ്, പാക്കിസ്ഥാൻ കേന്ദ്ര മജ്ലിസ് അൻസാറുല്ലാഹ് സദ്ർ, പ്രസിഡന്റ് അഹ്മദിയ്യാ ആർകിടെക്ട് അസോസിയേഷൻ

133. ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്) എഴുതിയ ആദ്യത്തെ ഗ്രന്ഥമേത്? എത്രാമത്തെ വയസ്സിൽ?
മദ് ഹബ് കെ നാം പർ ഖൂൻ. 34-ാം വയസ്സിൽ.

134. പ്രസ്തുത ഉർദു പുസ്തകം ആദ്യമായി മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാര്?

മർഹൂം ഹാജി വി.കെ. മഹ്മൂദ് സാഹിബ്

135. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ മാതാവാര്? അവരുടെ ആദ്യനിക്കാഹ് ആരുമായിട്ടാണ് നടന്നിരുന്നത്?
ഹദ്റത്ത് സയ്യിദ് അബ്ദുസ്സത്താർ ശാഹ് സാഹിബിന്റെ മകൾ ഹദ്റത്ത് സയ്യിദ മർയം ബീഗം സാഹിബ. ആദ്യനിക്കാഹ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇളയമകൻ മിർസാ മുബാറക്ക് അഹ്മദുമായി നടന്നിരുന്നു.

136. സ്പെയിനിലെ ബിശാറത്ത് പള്ളി ഉദ്ഘാടനം ചെയ്തതാര്?
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്, ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്).

137. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്, ഖലീഫയായ ഉടനെ അഹ്മദിയ്യത്തിന്റെ വിപുലമായ പ്രചാരണത്തിനുവേണ്ടി നടപ്പിൽ വരുത്തിയ അതിമഹത്തായ വിപ്ലവാത്മകപദ്ധതിയേത്?
ദഅ്വത്തെ ഇലല്ലാഹ്

138. സയ്യിദുനാബിലാൽ ഫണ്ട്, വഖ്ഫെനൗ പദ്ധതി എന്നിവയുടെ ഉപജ്ഞാതാവാര്?
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)

139. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തന്റെ മാതാവിന്റെ ഓർമ്മയ്ക്കായി തുടങ്ങിയ സാമ്പത്തികസഹായ പദ്ധതിയേത്?
മർയം ശാദീ ഫണ്ട്

140. സ്പെയിനിൽ മസ്ജിദ് ബിശാറത്ത് സ്ഥാപിക്കാൻ സാധിച്ചതിൽ അല്ലാഹുവിനോടുള്ള കൃതജ്ഞതാസൂചകമായി ഹുസൂർ ആരംഭിച്ച പദ്ധതിയേത്?
ബുയൂതുൽഹംദ് (സാധുക്കൾക്ക് സ്വന്തമായി വീട് വെക്കാനുതകുന്ന പദ്ധതി)

141. ഒരു മൗലവിയുടെ തിരോധാനത്തെ തുടർന്ന്, അയാൾ വധിക്കപ്പെട്ടതാണെന്നും വധത്തിന് പിന്നിൽ അഹ്മദിയ്യാ ഖലീ

ഫയുടെ കൈയാണെന്നും ശത്രുക്കൾ വ്യാജാരോപണം നടത്തുകയുണ്ടായി. ആ മൗലവിയുടെ പേരെന്ത്?
അസ്ലം ഖുറയ്ശി.

142. എം.ടി.എ. സ്ഥാപിതമായത് ആരുടെ ഖിലാഫത്ത് കാലത്താണ്?
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)

143. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ തിരഞ്ഞെടുപ്പ് എവിടെവച്ച് നടന്നു?
ലണ്ടനിലെ മസ്ജിദ് ഫള്ലിൽ.

144. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് മിർസാ മസ്റൂർ അഹ്മദ് സാഹിബും ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം തമ്മിലുള്ള ബന്ധമെന്ത്?
പൗത്രന്റെ പുത്രൻ. (പുത്രൻ മിർസാ ശരീഫ് അഹ്മദ് സാഹിബ്- അദ്ദേഹത്തിന്റെ മകൻ മിർസാ മൻസൂർ അഹ്മദ് സാഹിബ്- അദ്ദേഹത്തിന്റെ മകൻ മിർസാ മസ്റൂർ അഹ്മദ് സാഹിബ്.

145. ഖലീഫയായി തിരഞ്ഞെടുക്കപ്പെടുമ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസിന് എത്ര വയസ്സുണ്ട്?
53 വയസ്സ്

146. ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് ഖലീഫയായി തിരഞ്ഞെടുക്കപ്പെടുമ്പോൾ ജമാഅത്തിന്റെ ഏതെല്ലാം ഔദ്യോഗിക പദവികളായിരുന്നു വഹിച്ചിരുന്നത്?
പാക്കിസ്ഥാനില നാസിർ അഅ്ലാ, റബ്വയിലെ പ്രാദേശിക അമീർ എന്നീ പദവികൾ

147. അഞ്ചാം ഖിലാഫത്തിനു കീഴിലുള്ള ആദ്യത്തെ ധനപദ്ധതിയേത്?
ത്വാഹിർ ഫൗണ്ടേഷൻ ഫണ്ട്

148. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് 'ചെറിയ റബ്വ' എന്ന് വിശേഷിപ്പിച്ചത് ഏതിനെയാണ്?
കാനഡയിലെ അഹ്മദിയ്യാ കോളനി 'ദാറുൽ അമൻ'നെ.

149. ലണ്ടനിലെ ജൽസാഗാഹിന് ഹുസൂർ നല്കിയ പേരെന്ത്?
ഹദീഖത്തുൽ മഹ്ദി

150. പശ്ചിമയൂറോപ്പിലെ ഏറ്റവും വലിയ പള്ളിയേത്?
ബയ്ത്തുൽ ഫുത്വൂഹ്

## കേരള അഹ്മദിയ്യാ ചരിത്രം

151. കേരളത്തിൽ അഹ്മദിയ്യത്തിന്റെ സന്ദേശം ആദ്യമായി ലഭിച്ചതാർക്കാണ്?
എടപ്പകത്ത് ഹദ്റത്ത് അബ്ദുൽ ഖാദിർകുട്ടി സാഹിബ്(റഹ്).

152. കേരളത്തിൽ സ്ഥാപിതമായ ആദ്യത്തെ 3 ജമാഅത്തുകൾ ഏതെല്ലാം?
കണ്ണൂർ, പഴയങ്ങാടി, കൂടാളി

153. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) 1919-ൽ കേരളത്തിലേക്ക് മുബല്ലിഗുമാരായി നിയോഗിച്ച രണ്ട് വ്യക്തികൾ ആരെല്ലാം?
ഹദ്റത്ത് മൗലാനാ സൂഫി ഗുലാം റസൂൽ സാഹിബ് രാജകി(റ), ഹദ്റത്ത് ശേയ്ഖ് മഹ്മൂദ് അഹ്മദ് സാഹിബ് ഇർഫാനീ(റ)

154. കേരളത്തിൽ നിയമിതനായ ആദ്യത്തെ മലയാളി മുബല്ലിഗ് ആര്?
മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ.

155. മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എയെ അദ്ദേഹത്തിന്റെ പിതാവ് ആദ്യമായി മതവിദ്യാഭ്യാസത്തിന്നായി അയച്ചത് എവിടേക്കായിരുന്നു?
പൊന്നാനി

156. തിരുവിതാംകൂറിലെ ആദ്യത്തെ അഹ്മദി ആര്?
ജനാബ് എച്ച്. ഹുസൈൻ സാഹിബ്

157. മധ്യകേരളത്തിലെ ആദ്യത്തെ അഹ്മദിയാര്?
ജനാബ് വി. അബ്ദുൽഖയ്യൂം സാഹിബ്

158. ജനാബ് വി. അബ്ദുൽഖയ്യൂം സാഹിബിന് അദ്ദേഹത്തിന്റെ മാതാപിതാക്കളിട്ട പേരെന്തായിരുന്നു? അബ്ദുൽഖയ്യൂം എന്ന പേര് ആര് നല്കിയതാണ്?
കുഞ്ഞിമാഹിൻ. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)

159. പഴയങ്ങാടിയിലെ ആദ്യത്തെ അഹ്മദിയ്യാ പള്ളിക്ക് തറക്കല്ലിട്ടതാര്? ഉദ്ഘാടനം ചെയ്തതാര്?
തറക്കല്ലിട്ടത് ഹദ്റത്ത് മൗലാനാ സൂഫി ഗുലാം റസൂൽ സാഹിബ് രാജകി(റ). ഉദ്ഘാടനം ചെയ്തത് മൗലാനാ സയ്യിദ് അബ്ദുറഹീം സാഹിബ് ബിഹാരി(റ)

160. കേരള അഹ്മദികളുടെ ഒന്നാമത്തെ പ്രസിദ്ധീകരണമായ ഒരു അറബി മലയാള ഗ്രന്ഥമേത്? അതിന്റെ കർത്താവാര്?
തുഹ്ഫത്തുൽ മലബാർ. ജനാബ് കെ.എം. ഇബ്റാഹീം കുഞ്ഞി സാഹിബ്

161. തെക്കെ ഇന്ത്യയിലെ ആദ്യത്തെ അഹ്മദിയ്യാ പള്ളിയേത്? അത് നിർമ്മിച്ചതാര്?
പഴങ്ങാടിയിലെ പള്ളി. നിർമ്മിച്ചത് ജനാബ് സീരെവീട്ടിൽ കുഞ്ഞഹ്മദ് സാഹിബ്

162. കല്പേനി ദ്വീപിൽ അഹ്മദിയ്യത്തിന്റെ ബീജാവാപം നടന്നത് ആര് മുഖേനയായിരുന്നു?
ജനാബ്. പി.പി. അബ്ദുറഹ്മാൻ കോയ സാഹിബ്

163. 1960-ൽ കേരളം സന്ദർശിച്ച ജർമ്മൻകാരനായ അഹ്മദിയാര്?
വില്യം നാസിർ നിക്കൾസ്കി സാഹിബ്

164. കൊടിയത്തൂരിൽ നടന്ന മുബാഹല പ്രാർത്ഥനയിൽ അഹ്മദികൾക്ക് നേതൃത്വം നല്കിയതാര്?
മൗലാനാ മുഹമ്മദ് അബുൽവഫാ സാഹിബ്

165. മൗലാനാ മുഹമ്മദ് അബുൽവഫാ സാഹിബിന് വീട്ടുകാരിട്ട പേരെന്ത്? അബുൽവഫാ എന്ന പേർ ആരാണ് നല്കിയത്?
ആദ്യത്തെ പേര് കുഞ്ഞമ്മദ്. അദ്ദേഹത്തിന്റെ ആദ്യകാല ഗുരുക്കന്മാരിലൊരാളായ മുഹമ്മദ് ശീറാസി എന്ന പണ്ഡിതനാണ്

അബുൽവഫാ എന്ന പേര് നല്കിയത്.

166. എ.ആർ. ഖാദിം എന്നത് ആരുടെ തൂലികാനാമമാണ്?
ജനാബ്. എൻ. അബ്ദുർറഹീം സാഹിബിന്റെ

## ചരിത്രത്തിൽ ആദ്യത്തേത്

1. ഹദ്റത്ത് അഹ്മദ്(അ)ന് ആദ്യമായി ബയ്അത്ത് ചെയ്തതാര്?
ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ)

2. ആദ്യമായി ബയ്അത്ത് ചെയ്ത വനിത ആര്?
ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ പത്നിയും ഹദ്റത്ത് സൂഫി അഹ്മദ് ജാൻ(റ)ന്റെ പുത്രിയുമായ സ്വുഗ്റാബീഗം സാഹിബ

3. ഹദ്റത്ത് അഹ്മദ്(അ) എഴുതിയ ആദ്യത്തെ ഗ്രന്ഥമേത്?
ബറാഹീനെ അഹ്മദിയ്യാ

4. സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ആദ്യത്തെ സദ്ർ?
ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ)

5. കേന്ദ്ര അൻസാറുല്ലായുടെ ആദ്യത്തെ സദ്ർ?
ഹദ്റത്ത് മൗലാനാ ശേർഅലി സാഹിബ്(റ)

6. കേന്ദ്ര ലജ്നാ ഇമായില്ലായുടെ ആദ്യത്തെ സദ്ർ?
ഹദ്റത്ത് മഹ്മൂദ ബേഗം സാഹിബ (ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ ആദ്യഭാര്യ)

7. ജാമിഅ അഹ്മദിയ്യായുടെ ആദ്യത്തെ പ്രിൻസിപ്പാൾ?
ഹദ്റത്ത് മൗലാനാ സർവർശാഹ് സാഹിബ്(റ)

8. തഅ്ലിമുൽ ഇസ്ലാം കോളേജിന്റെ ആദ്യത്തെ പ്രിൻസിപ്പാൾ?
ഹദ്റത്ത് മൗലാനാ ശേർഅലി സാഹിബ്(റ)

9. ബിഹിശ്തി മഖ്ബറയിലെ ആദ്യത്തെ ഖബ്ർ?
ഹദ്റത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി(റ)

10. അഹ്മദിയ്യാ ജമാഅത്തിലെ ആദ്യത്തെ രക്തസാക്ഷി?
ഹദ്റത്ത് മൗലാനാ അബ്ദുർറഹ്മാൻ സാഹിബ്(റ)

11. ആദ്യത്തെ അഹ്മദീ മുബല്ലിഗ്?
ഹദ്റത്ത് മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി(റ)

12. ജമാഅത്തിന്റെ 5 പോഷക സംഘടനകളിൽ ആദ്യമായി രൂപീകൃതമായത്?
ലജ്നാ ഇമായില്ലാഹ്

13. അഹ്മദിയ്യാ ജമാഅത്ത് ആദ്യമായി പ്രസിദ്ധീകരിച്ച പത്രം?
അൽഹക്കം

14. അൽഫസൽ ദിനപത്രത്തിന്റെ ആദ്യത്തെ പത്രാധിപർ?
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)

15. ഇന്തോ-പാക്ക് ഉപഭൂഖണ്ഡത്തിന് പുറത്ത് സ്ഥാപിതമായ ആദ്യത്തെ അഹ്മദിയ്യാ മുസ്ലിം മിഷൻ?
ലണ്ടനിൽ

16. ലണ്ടനിലെ ആദ്യത്തെ അഹ്മദിയ്യാ പള്ളി?
മസ്ജിദ് ഫള്ൽ.

17. വിദേശത്ത് സ്ഥാപിതമായ ആദ്യത്തെ അഹ്മദിയ്യാ കോളേജ്?
ആഫ്രിക്കയിലെ ഘാനയിൽ

18. അമേരിക്കയിലെ ആദ്യത്തെ അഹ്മദിയ്യാ മുസ്ലിം മിഷണറി?
ഹദ്റത്ത് ഡോ. മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്(റ)

19. സിലോണിലെ ആദ്യത്തെ മുബല്ലിഗ്?
ജനാബ് മൗലവി എ.പി. ഇബ്റാഹീം സാഹിബ്

20. ലോകം മുഴുവൻ തത്സമയസംപ്രേഷണം വഴി കാണാൻ സാധിച്ച ഹുസൂറിന്റെ ആദ്യത്തെ ഖുത്ബ?
കാനഡയിലെ ടൊറൊണ്ടോ പള്ളി ഉദ്ഘാടനവേളയിൽ ചെയ്തത്.

21. വാഗ്ദത്ത മസീഹിന്റെ കുടുംബത്തിൽനിന്നുള്ള ആദ്യത്തെ

രക്തസാക്ഷി?
ഹദ്റത്ത് മിർസാ ഗുലാം ഖാദിർ സാഹിബ്

22. ഇന്ത്യക്ക് പുറത്തുണ്ടായ ആദ്യത്തെ മൂസി?
സിഡ്നിയിലെ സൂഫി മൂസാഖാൻ സാഹിബ്(റ)

23. മലയാളത്തിലെ ആദ്യത്തെ അഹ്മദിയ്യാ സാഹിത്യകൃതി?
മതാന്ധകാര സംഹാരി അഥവാ മതപരിഷ്കാര ഉപകാരി

24. കേരളത്തിലെ ആദ്യത്തെ അഹ്മദിയ്യാ സാഹിത്യ രചയിതാവ്?
ജനാബ് കെ.എം. ഇബ്റാഹീംകുഞ്ഞി സാഹിബ്

25. ആദ്യമായി കേരളം സന്ദർശിച്ച മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി?
ഹദ്റത്ത് ഗുലാം റസൂൽ രാജകി(റ)

26. കേരളത്തിൽനിന്നുള്ള ആദ്യത്തെ മൂസി?
ജനാബ് ഫഖ്റുദ്ദീൻ സാഹിബ് മലബാരി

27. ആദ്യത്തെ മലബാർ അഞ്ചുമൻ അഹ്മദിയ്യാ സിക്രട്ടറി?
ജനാബ് എം. അഹ്മദ് സാഹിബ്

28. സത്യദൂതന്റെ ആദ്യത്തെ പത്രാധിപർ?
ജനാബ് എച്ച്. ഹുസൈൻ സാഹിബ്

29. കേരളക്കരയിൽനിന്ന് ഖാദിയാൻ ശരീഫ് സന്ദർശിക്കാൻ ഭാഗ്യം സിദ്ധിച്ച ആദ്യത്തെ വ്യക്തി?
മൗലാനാ ശേയ്ഖ് ഹാജി മുഹ്യുദ്ദീൻ കുട്ടി സാഹിബ്(റഹ്)

30. കേരളത്തിൽ ആദ്യമായി ലജ്നാ ഇമായില്ലാഹ് സ്ഥാപിതമായത്?
കണ്ണൂരിൽ

31. ആദ്യത്തെ കേരള അമീർ?
ജനാബ് സിദ്ദീഖ് അമീർ അലി സാഹിബ്

32. കേരള ലജ്നാ ഇമായില്ലായുടെ ആദ്യത്തെ സാഹിത്യകൃതി?
അൽഫത്ഹ്

33. കേരള ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആദ്യത്തെ സ്റ്റേറ്റ് ഖായിദ്?
പ്രൊ. എം. മുഹമ്മദ് സാഹിബ്

34. സത്യമിത്രം മാസികയുടെ ആദ്യത്തെ പത്രാധിപർ?
ജനാബ് ബി.എം. കോയാ സാഹിബ്

35. കേരള സംസ്ഥാന ലജ്ന ഇമായില്ലായുടെ ആദ്യത്തെ സദ്ർ?
അമത്തുൽ ഹഫീസ് ബീഗം സാഹിബ

## ചില പ്രധാന ചരിത്രസംഭവങ്ങളും കൊല്ലങ്ങളും

1. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജനനം?
1835 ഫെബ്രുവരി 13, 1250 ശവ്വാൽ 14 വെള്ളിയാഴ്ച.

2. ഖാദിയാനിലെ മസ്ജിദ് അഖ്സ നിർമ്മാണം പൂർത്തിയായത്?
1876 ജൂണിൽ (1875 അവസാനത്തിലാണ് ശിലാസ്ഥാപനം നടന്നത്. ഈ പള്ളിയുടെ ആദ്യത്തെ പരിചാരകനും ഇമാമും മിയാൻ ജാൻ മുഹമ്മദ് സാഹിബായിരുന്നു.)

3. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പിതാവിന്റെ വഫാത്ത്?
1876-ൽ

4. ഹദ്റത്ത് അഹ്മദ്(അ) ബറാഹീനെ അഹ്മദിയ്യാ രചിച്ചത്?
1880-ൽ

5. വാഗ്ദത്തപുത്രനെക്കുറിച്ചുള്ള പ്രഖ്യാപനം?
1886 ഫെബ്രുവരി 20. (മുസ്‌ലിഹ് മൗഊദ് ദിനമായി ആചരിക്കുന്നു)

6. വാഗ്ദത്തപുത്രന്റെ ജനനം?
1889 ജനുവരി 12

7. അഹ്മദിയ്യത്തിന്റെ അടിസ്ഥാനം കുറിച്ചുകൊണ്ടുള്ള ബയ്അത്തിന്റെ നിബന്ധനകൾ തയ്യാറാക്കിയത്?
1889 ജനുവരി 19

8. ആദ്യത്തെ ബയ്അത്ത് നടന്നത്?
1889 മാർച്ച് 23, 1310 റജബ് 20. (മസീഹ് മൗഊദ് ദിനമായും

ആചരിക്കുന്നു)

9. ഹദ്റത്ത് അഹ്മദ്(അ) മസീഹ് വാദം ഉന്നയിച്ചതെപ്പോൾ?
1891–ൽ

10. ആദ്യ ജൽസ സാലാന നടന്നതെപ്പോൾ?
1891 ഡിസംബർ 27

11. ഇമാം മഹ്ദിയുടെ അടയാളമായി പ്രവചിക്കപ്പെട്ട റമദാൻ മാസത്തിലെ സൂര്യചന്ദ്രഗ്രഹണങ്ങൾ നടന്നത്?
1894

12. ലാഹോറിലെ ധർമ്മമഹോത്സവത്തിൽ 'ഇസ്ലാം മതതത്ത്വജ്ഞാനം' എന്ന പ്രബന്ധം അവതരിപ്പിച്ചത്?
1896

13. തഅ്ലിമുൽ ഇസ്ലാം ഹൈസ്കൂൾ സ്ഥാപിച്ചത്?
1898

14. 'ഖുത്ബ ഇൽഹാമിയ' ഉണ്ടായത്?
1900

15. ഹദ്റത്ത് അഹ്മദ്(അ) തന്റെ അനുയായികളിൽനിന്ന് ചന്ദ വസൂലാക്കാൻ ആഹ്വാനം ചെയ്തത്?
1902

16. റിവ്യൂ ഓഫ് റിലിജിയൻസ് ആദ്യമായി പ്രസിദ്ധീകരണം ചെയ്തത്?
1902

17. അഫ്ഗാനിസ്ഥാനിൽ 2 സഹാബിമാരുടെ രക്തസാക്ഷിത്വം ഉണ്ടായതെപ്പോൾ?
1901 ഒക്ടോബർ 30, 1903 ജൂലൈ 14

18. തഅ്ലിമുൽ ഇസ്ലാം കോളേജ് ഉദ്ഘാടനം ചെയ്തത്?
1903

19. മിനാരത്തുൽ മസീഹിന്റെ ശിലാസ്ഥാപനം നടന്നത്?
1903 മാർച്ച് 13, 1320 ദുൽഹജ്ജ് 13 വെള്ളിയാഴ്ച.

20. മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടിയുടെ വഫാത്ത് നടന്നത്?
1905

21. 'അൽ വസിയ്യത്ത്' എഴുതിയ വർഷം?
1905

22. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്ത് നടന്നത്?
1908 മെയ് 26, 1326 റബിയുൽ ആഖിർ 24

23. 'ഖുദ്റത്തെ സാനിയ' വെളിപ്പെട്ടതെപ്പോൾ?
1908 മെയ്27

24. ഖിലാഫത്ത് ദിനമായി ആചരിക്കുന്നത്?
1908 മെയ് 27

25. ഖലീഫത്തുൽ മസീഹ് ഥാലിസ്(റ)ന്റെ ജനനം?
1909 നവംബർ 15

26. ഖാദിയാനിൽ മദ്രസ്സ അഹ്മദിയ്യ സ്ഥാപിച്ചത്?
1909 മാർച്ച് 1

27. 'അൽഫള്ൽ' പത്രം ആദ്യമായി പുറത്തിറക്കിയത്?
1913 ജൂൺ 18

28. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ വഫാത്ത്?
1914 മാർച്ച് 13 വെള്ളിയാഴ്ച 2.20-ന് നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ.

29. മിനാരത്തുൽ മസീഹ് പൂർത്തിയായത്?
1916 ഡിസംബർ

30. ലജ്നാ ഇമായില്ലാഹ് രൂപീകരിച്ചത്?
1922 ഡിസംബർ 25

31. ലണ്ടൻപള്ളിയുടെ ശിലാസ്ഥാപനം?
1924 ഒക്ടോബർ 19

32. ലണ്ടൻപള്ളിയുടെ ഉദ്ഘാടനം?

1926 ഒക്ടോബർ 3

33. അഹ്മദിയ്യാ ജമാഅത്ത് ആദ്യമായി നബിദിനയോഗം സംഘടിപ്പിച്ചത്?
1928

34. ജാമിഅ അഹ്മദിയ്യാ സ്ഥാപിച്ചത്?
1928 ഏപ്രിൽ 15

35. അമൃതസറിൽനിന്ന് ഖാദിയാനിലേക്ക് ആദ്യമായി തീവണ്ടി യോടിയതെപ്പോൾ?
1928 ഡിസംബർ 18

36. ഖലീഫത്തുൽ മസീഹ് റാബിഅ്(റ)ന്റെ ജനനം?
1928 ഡിസംബർ 18

37. തഹ്രീക് ജദീദ് പദ്ധതി ആരംഭിച്ചത്?
1934

38. അഹ്റാർ പ്രക്ഷോഭം?
1934

39. അഹ്മദീ മുബല്ലിഗ് ഹദ്റത്ത് നിഅ്മതുല്ലാഹ് ഖാൻ സാഹിബിന്റെ രക്തസാക്ഷിത്വം?
1934

40. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സ്ഥാപനം?
1938

41. മജ്ലിസ് നാസിറാത്തുൽ അഹ്മദിയ്യാ സ്ഥാപനം?
1939 ഫെബ്രുവരി

42. ഖലീഫത്തുൽ മസീഹ് ഥാനി(റ)ന്റെ ഖിലാഫത്തിന്റെ രജത ജൂബിലി?
1939

43. അഹ്മദിയ്യാ പതാക ആദ്യമായി ഉയർത്തപ്പെട്ടത് എപ്പോൾ?
1939 ഡിസംബർ 28

44. മജ്‌ലിസ് അൻസാറുല്ലാഹ് സ്ഥാപിച്ചത്?
1940 ജൂലൈ 26

45. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) വാഗ്ദത്തപുത്രൻ താനാണെന്ന് പ്രഖ്യാപിച്ചത്?
1944 ജനുവരി 28

46. ഖലീഫത്തുൽ മസീഹ് ഥാനി(റ) പാക്കിസ്ഥാനിലേക്ക് ഹിജ്റത്ത് ചെയ്തത്?
1947 ആഗസ്റ്റ് 31

47. റബ്‌വാ നഗരം ഉദ്ഘാടനം ചെയ്തത്?
1948 സെപ്തംബർ 20

48. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)ന്റെ വഫാത്ത്?
1965 നവംബർ 7

49. ആദ്യത്തെ യു.കെ. ജൽസ നടന്നത്?
1966

50. ചൗദ്ദരി മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ്(റ)ഇന്റർനാഷണൽ നീതിന്യായ കോടതിയുടെ പ്രസിഡന്റായത്?
1970

51. പാക്ക്-നാഷനൽ അസംബ്ലി അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം പാസ്സാക്കിയത്?
1974 സെപ്തംബർ 7

52. പ്രൊഫ. അബ്ദുസ്സലാം സാഹിബിന് നോബൽ സമ്മാനം ലഭിച്ചത്?
1979

53. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്) ജമാഅത്തിൽ 'സ്റ്റാർ ഓഫ് അഹ്മദിയ്യത്ത് (സിതാരയെ അഹ്മദിയ്യത്ത്) അവാർഡ് ഏർപ്പെടുത്തിയത്?
1981

54. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്)ന്റെ വഫാത്ത്?

1982 ജൂൺ 9

55. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) സ്പെയിനിലെ ബിശാറത്ത് പള്ളി ഉദ്ഘാടനം ചെയ്തത്?
1982 സെപ്തംബർ 10 വെള്ളിയാഴ്ച.

56. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ലണ്ടനിലേക്ക് ഹിജ്റത്ത് ചെയ്ത വർഷം?
1984

57. ചൗദ്ദരി സഫറുല്ലാഹ് ഖാൻ സാഹിബ്(റ)ന്റെ വഫാത്ത്?
1985 സെപ്തംബർ 1

58. വാഗ്ദത്ത മസീഹിന്റെ പുത്രി ഹദ്റത്ത് അമത്തുൽ ഹഫീസ് ബീഗം സാഹിബയുടെ വഫാത്ത്?
1987 മെയ് 6

59. വഖ്ഫെ നൗ പദ്ധതി പ്രഖ്യാപിച്ചത്?
1987 ഏപ്രിൽ 3

60. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് സിയാഉൽഹഖിനെ മുബാഹലക്ക് ആഹ്വാനം ചെയ്തത്?
1988 ജൂൺ 10

61. പ്രസ്തുത മുബാഹലാഹ്വാനത്തിന്റെ സത്യദൃഷ്ടാന്തം വെളിപ്പെട്ടത് (സിയാഉൽ ഹഖിന്റെ പതനം)?
1988 ആഗസ്റ്റ് 17

62. അഹ്മദിയ്യാ ശതവാർഷിക ജൂബിലി ആഘോഷം?
1989

63. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ ഖാദിയാൻ സന്ദർശനം?
1991 ഡിസംബർ

64. ആദ്യത്തെ ആഗോള ബയ്അത്ത്?
1993 ജൂലൈ 31

65. എം.ടി.എ ആരംഭിച്ചത്?

1994 ജനുവരി 7

66. എം.ടി.എ 24 മണിക്കൂറും സംപ്രേഷണക്ഷമമാക്കിയത്?
1996 ഏപ്രിൽ 26 (സത്യദൂതൻ, 1996 മെയ്)

67. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ വഫാത്ത്?
2003 ഏപ്രിൽ 19

68. ബയ്ത്തുൽ ഫുതൂഹ് ഉദ്ഘാടനം?
2003 ഒക്ടോബർ 3

69. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് ഖാദിയാൻ സന്ദർശിച്ചതെപ്പോൾ?
2005 ഡിസംബർ

70. അഹ്മദിയ്യത്തിന്റെ സന്ദേശം ആദ്യമായി കേരളത്തിൽ എത്തിയത്?
1897

71. കേരളത്തിൽ ആദ്യമായി ജമാഅത്ത് സ്ഥാപിതമായത്?
1915

72. മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ കേരളത്തിൽ മുബല്ലിഗായി നിയമിതനായത്?
1925

73. തെക്കെ ഇന്ത്യയിലെ ഒന്നാമത്തെ പള്ളി ഉദ്ഘാടനം ചെയ്തത്?
1920

74. സത്യദൂതൻ മാസിക ആരംഭിച്ചത്?
1925

75. വാഗ്ദത്ത മസീഹിന്റെ ഒരു സ്വഹാബിയായ ഹദ്റത്ത് ഡോ. മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്(റ)ന്റെ കേരള പര്യടനം
1927

76. കേരളത്തിൽ ആദ്യമായി ലജ്നാ ഇമായില്ലാഹ് സ്ഥാപിതമായത്?

1945

77. ഒന്നാമത്തെ കേരള അഹ്മദിയ്യാ സംസ്ഥാന സമ്മേളനം
1951

78. ഹദ്റത്ത്. മിർസാ വസീം അഹ്മദ് സാഹിബിന്റെ ആദ്യത്തെ മലബാർ സന്ദർശനം
1957

79. ഇംഗ്ലണ്ടിലെ മിഷണറി ബശീർ അഹ്മദ് ഓർച്ചാഡ് സാഹിബിന്റെ കേരള സന്ദർശനം ?
1958

80. മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എയുടെ വഫാത്ത്?
1968

81. കേരളത്തിൽ ഇമാറത്ത് നിലവിൽ വന്നത്?
1985

82. കൊടിയത്തൂർ മുബാഹല നടന്നത്?
1989 മെയ് 28

83. 'അന്നൂർ' എന്ന ലജ്നാ പ്രസിദ്ധീകരണം ആരംഭിച്ചത്?
1994 (ത്രൈമാസിക, ജൂലൈ-സപ്തംബർ ലക്കം, പത്രാധിപ ഫൗസിയ ജമാൽ)

84. മൗലാനാ അഹ്മദ് റശീദ് സാഹിബ് ആയഞ്ചേരിയുടെ വഫാത്ത്?
1997 ആഗസ്റ്റ് 15

85. മൗലാനാ മുഹമ്മദ് അബുൽവഫാ സാഹിബിന്റെ വഫാത്ത്?
2002 ഒക്ടോബർ 13

86. മൗലാനാ മുഹമ്മദ് അലവി സാഹിബിന്റെ വഫാത്ത്?
2003 ജൂലൈ 23

## പ്രധാന കേരള അഹ്മദിയ്യ സാഹിത്യങ്ങൾ
## വിവർത്തന കൃതികൾ

*(മൂലഗ്രന്ഥത്തിന്റേയും വിവർത്തകന്റേയും പേരുകൾ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നു)*

1. ഇസ്‌ലാമീ ഉസൂൽകി ഫിലോസഫി- ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ). വിവ: ഇസ്‌ലാംമത തത്ത്വജ്ഞാനം, ജനാബ് എൻ. ഹാമിദ് സാഹിബ്.
2. മസീഹ് ഹിന്ദുസ്ഥാൻമെ- ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ). വിവ: യേശുമിശിഹാ ഇന്ത്യയിൽ, ജനാബ് എൻ. അബ്ദുർ റഹീം സാഹിബ്.
3. പൈഗാമെ സുൽഹ്- ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ). വിവ: മൈത്രീസന്ദേശം, ജനാബ് എൻ. ഹാമിദ് സാഹിബ്.
4. അൽവസിയ്യത്ത്-ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ). വിവ: മൗലവി മുഹമ്മദ് നജീബ്ഖാൻ, വാഴക്കാല
5. ഹമാരീ തഅ്ലിം- ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ), വിവ: നമ്മുടെ അധ്യാപനങ്ങൾ, മൗലവി മുഹമ്മദ് ഉമർ സാഹിബ് എച്ച്.എ
6. ജിഹാദ്- ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ). വിവ: ജ നാബ് എൻ. അബ്ദുർറഹീം സാഹിബ്
7. മവാഹിബുർറഹ്മാൻ- ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ). വിവ: പരമകാരുണികന്റെ വരദാനങ്ങൾ, മൗലവി അഹ്മദ് റശീദ് സാഹിബ്, ആയഞ്ചേരി
8. ഇക് ഗലത്തീകാ ഇസാല- ഹദ്റത്ത് മിർസാ ഗുലാം അഹ്മ

ദ്(അ). വിവ: ഒരു തെറ്റുധാരണ നീക്കൽ, ജനാബ് എൻ. അബ്ദുർ റഹീം സാഹിബ്.

9. തുഫ്ഫത്തുന്നദ്‌വ- ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ). വിവ: നദ്‌വത്തുകാർക്കൊരുപഹാരം, മൗലവി അഹ്മദ് റശീദ് സാഹിബ്, ആയഞ്ചേരി.

10. ലക്ചർ ലാഹോർ- ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ). വിവ: ലാഹോർ പ്രഭാഷണം, മൗലവി മുഹമ്മദ് ഉമർ സാഹിബ് എച്ച്.എ.

11. ലക്ചർ സിയാൽക്കോട്ട്-ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ). വിവ: ജനാബ് എൻ. അബ്ദുർറഹീം സാഹിബ്.

12. തിരുനബിയുടെ തിരുസന്നിധിയിൽ- ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ ഖസീദക്ക് മൗലവി ജലാലുദ്ദീൻ സാഹിബ് ശംസിന്റെ വ്യാഖ്യാനം. വിവ: ജനാബ് എൻ. കുഞ്ഞഹ്മദ് മാസ്റ്റർസാഹിബ്

13. നബിതിരുമേനി(സ)ന്റെ ദൈവികപ്രകാശം- ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ). വിവ: മൗലവി മുഹമ്മദ് ഉമർ സാഹിബ് എച്ച്.എ. (പല ഗ്രന്ഥങ്ങളിൽനിന്നുള്ള ഉദ്ധരണികൾ)

14. ജീവനുള്ള നബി, ജീവനുള്ള മതം- ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ). വിവ: ജനാബ് എൻ. അബ്ദുർ റഹീം സാഹിബ്.

('മജ്മൂആ ഇശ്തിഹാറാത്ത്'ൽനിന്നെടുത്തത്)

15. തിരുനബിചരിത്രം- ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്. വിവ: ജനാബ് എൻ. അബ്ദുറഹീം സാഹിബ് (ദീബാച്ച തഫ്സീറുൽ ഖുർആനിൽനിന്ന്)

16. Ahmadiyyath or the True Islam- ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ). വിവ: അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം, ജനാബ് എൻ. അബ്ദുർറഹീം സാഹിബ്.

17. ഇസ്‌ലാം മെ ഇഖ്തിലാഫാത്ത് കാ ആഗാസ്-ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ). വിവ: ഇസ്‌ലാമിൽ ഭിന്നി

പ്പിന്റെ തുടക്കം, ജനാബ് എൻ. അബ്ദുർറഹീം സാഹിബ്.

18. ഇസ്ലാമും സാമൂഹ്യപ്രശ്നങ്ങളും- ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്. വിവ: ജനാബ്. എൻ. അബ്ദുറഹീം സാഹിബ്.

19. നബിതിരുമേനി മാനവികതയുടെ പ്രവാചകൻ- ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ). വിവ: ജനാബ് ബി. അബ്ദുൽ ഹമീദ് സാഹിബ്.

20. സ്ത്രീ- അവകാശങ്ങളും കർത്തവ്യങ്ങളും- ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ). വിവ: ജനാബ് എൻ. ഹാമിദ് സാഹിബ്, ജനാബ് എൻ. അബ്ദുർറഹീം സാഹിബ്

21. അഹ്മദിയ്യാ സന്ദേശം- മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ). വിവ: മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് എച്ച്.എ, ജനാബ് എച്ച്. ഹുസയ്ൻ സാഹിബ്.

22. സൂറത്തുൽ ഫാത്തിഹ- അർത്ഥവും, വ്യാഖ്യാനവും- ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ). വിവ: ജനാബ് ബി. എം. കോയാസാഹിബ്, (5 വാല്യം കമന്ററിയിൽനിന്ന്)

23. തബ്ലീഗെ ഹിദാത്ത്- ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ). വിവ: സന്മാർഗ്ഗദർശിനി, ജനാബ് വി. അബ്ദുൽ ഖയ്യൂം സാഹിബ്.

24. ചാലിസ് ജവാഹർ പാരെ- ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ). വിവ: 40 മൊഴിമുത്തുകൾ, ജനാബ് ഹാജി വി.കെ.മഹ്മൂദ് സാഹിബ്

25. Christianity- A Journey from Facts to Fiction- ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്). വിവ: ക്രിസ്തുമതം- യാഥാർത്ഥ്യത്തിൽനിന്ന് കെട്ടുകഥയിലേക്ക്, ജനാബ് എ.എം. മുഹമ്മദ് സലീം സാഹിബ്

26. Murder in the name of Allah- ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്). വിവ: മതത്തിന്റെ പേരിൽ മനുഷ്യഹത്യ, ജനാബ് എ.എം. മുഹമ്മദ് സലീം സാഹിബ്

27. മസീഹ് മൗഊദ്(അ)ന്റെ പ്രാർത്ഥനകൾ- ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്). വിവ: മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് (ഖുത്വ്ബ സിരീസ്).

28: തിരുദൂതരുടെ പ്രാർത്ഥനകൾ- ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്). വിവ: മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് (ഖുത്വ്ബ സിരീസ്)

29. കുടുംബങ്ങൾ- ചുമതലകളും, അവകാശങ്ങളും- ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്). വിവ: മൗലവി മഹ്മൂദ് അഹ്മദ് സാഹിബ് (ഖുത്വ്ബ സിരീസ്)

30. ഖബൂലിയതെ ദുആകെ റാസ്- ജനാബ് ചൗദ്യരി റശീദുദ്ദീൻ ഖാൻ സാഹിബ്. വിവ: ദുആ സ്വീകാര്യതയുടെ രഹസ്യം, മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ്

31. Mother of the Faithful- ജനാബ് ചൗദ്യരി മുശ്താഖ് അഹ്മദ് സാഹിബ് ബാജ്വാ. വിവ: വിശ്വാസികളുടെ മാതാവ്, അബു തസ്ലീം

32. കയ്റോ വിവാദം- മൗലവി അബുൽ അത്വാ സാഹിബ് ജലന്തരി(റ). വിവ: പ്രൊഫ. ബി. മഹ്മൂദ് അഹ്മദ് സാഹിബ്

33. ഹമാരാ ഖുദാ-മിർസാ ബശീർ അഹ്മദ് സാഹിബ്(റഹ്). വിവ: നമ്മുടെ ദൈവം, മൗലവി. മുഹമ്മദ് ഇസ്മായീൽ സാഹിബ്)

34. റുശ്ദി സംഭവം- അഹ്മദിയ്യാ മുസ്ലിം സമീപനം- ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്). വിവ: ജനാബ് എൻ. അബ്ദുർ റഹീം സാഹിബ്.

35. ഇസ്ലാംകി പഹ്ലീ കിതാബ് - മൗലവി മുഹമ്മദ് ശരീഫ് സാഹിബ്. വിവ: ഇസ്ലാമിക പാഠാവലി I, മൗലവി അബുൽവഫാ സാഹിബ്.

36. ഇസ്ലാംകി ദൂസരി കിതാബ്- മൗലവി മുഹമ്മദ് ശരീഫ് സാഹിബ്. വിവ: ഇസ്ലാമിക പാഠാവലി II, ജനാബ് സി.എ

ച്ച്. അബ്ദുൽ ഖാദിർ മാസ്റ്റർ സാഹിബ്.

37. ഇസ്ലാംകി തീസരി കിതാബ് - മൗലവി മുഹമ്മദ് ശരീഫ് സാഹിബ്. വിവ: ഇസ്ലാമിക പാഠാവലി III, ജനാബ് സി.എ ച്ച്. അബ്ദുൽ ഖാദിർ മാസ്റ്റർ സാഹിബ്.

38. Jesus Christ in India- ജനാബ് ജെ.ഡി. ശംസ് സാഹിബ്. വിവ: യേശുക്രിസ്തു കാശ്മീരിൽ, ജനാബ് എൻ.അബ്ദുർറഹീം സാഹിബ്.

39. My Mother- ഹദ്റത്ത് ചൗദ്ദരി മുഹമ്മദ് സഫ്റുല്ലാഹ്ഖാൻ സാഹിബ്(റ). വിവ: എന്റെ ഉമ്മ, മൗലവി മുഹമ്മദ് ഇസ്മാ യീൽ സാഹിബ് എച്ച്. എ.

## സ്വതന്ത്ര കൃതികൾ

1. അന്നുബൂവ്വത്ത് ഫിൽ ഇസ്ലാം- മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ.
2. മോക്ഷാർഹമായ ജമാഅത്ത്- മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ.
3. തിരഞ്ഞെടുത്ത ലേഖനങ്ങൾ- മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ.
4. ഇസ്ലാം പ്രബുദ്ധതയുടെ മതം- ജനാബ് എൻ. അബ്ദുർ റഹീം സാഹിബ്
5. ഹദ്റത്ത് അഹ്മദ്(അ) ഭാഗം 1, 2- എൻ. അബ്ദുറഹീം സാഹിബ്
6. വാഗ്ദത്ത മസീഹിന്റെ അത്ഭുത ദൃഷ്ടാന്തങ്ങൾ- ജനാബ് എൻ. അബ്ദുറഹീം സാഹിബ്
7. ഇന്ത്യൻ സ്വാതന്ത്ര്യത്തിന് അഹ്മദിയ്യാ സംഭാവന- ജനാബ് എൻ. അബ്ദുറഹീം സാഹിബ്
8. ഖുർആന്റെ മഹിമ അഥവാ ഇടമറുകിന് 11001 ക ഇനാം- ജനാബ് എൻ. അബ്ദുറഹീം സാഹിബ്

9. അഹ്മദിയ്യാ പ്രസ്ഥാനം- പുരോഗതിയുടെ നൂറു വർഷങ്ങൾ- ജനാബ് എൻ. അബ്ദുറഹീം സാഹിബ്

10. ആധുനിക ക്രിസ്തുമതം- ഒരു പഠനം- മൗലവി മുഹമ്മദ് ഉമർ സാഹിബ് എച്ച്.എ.

11. മഹ്ദി ഇമാം വെളിപ്പെട്ടു- മൗലവി മുഹമ്മദ് ഉമർ സാഹിബ് എച്ച്.എ.

12. ഈസാനബി(അ)ന്റെ മരണം- മൗലവി മുഹമ്മദ് ഉമർ സാഹിബ് എച്ച്.എ.

13. ഇശാഅത്തുകാർക്കുള്ള മറുപടി- 1, 2 - മൗലവി മുഹമ്മദ് ഉമർ സാഹിബ് എച്ച്.എ.

14. ഹദ്റത്ത് അഹ്മദ്(അ)- മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ്

15. വിശുദ്ധഖുർആൻ പാരായണ മുറകൾ- ജനാബ് എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ്

16. വിശ്വാസവും ജീവിതവും വിശുദ്ധഖുർആനിൽ- ജനാബ് അബ്ദുറഹ്മാൻ സാഹിബ്, പുതിയവളപ്പ്

17. അഹ്മദിയ്യാ ജമാഅത്ത്- മൗലവി മുഹമ്മദ് അബുൽവഫാ സാഹിബ്

18. യഅ്ജൂജ് മഅ്ജൂജ്- മൗലവി മുഹമ്മദ് അബുൽവഫാ സാഹിബ്

19. ദാബത്തുൽ അർള് പുറപ്പെട്ടു- മൗലവി മുഹമ്മദ് അബുൽവഫാ സാഹിബ്

20. ഇസ്‌ലാമും അദ്വൈത ദർശനങ്ങളും- ജനാബ് എൻ. ഹാമിദ് സാഹിബ്

21. ഇസ്മുഹു അഹ്മദ്- ജനാബ് സി.പി. ആലിക്കുട്ടി മൗലവി സാഹിബ്

22. സത്യമാർഗ്ഗം ഒരു സംവാദം- ജനാബ് സി.പി. ആലിക്കുട്ടി മൗലവി സാഹിബ്

23. ശ്രീരാമൻ- ഒരു സത്യപ്രവാചകൻ- ജനാബ് മദാർ അബ്ദുശ്ശ ക്കൂർ സാഹിബ്

24. കേരള അഹ്മദിയ്യാ ചരിത്രത്തിന് ഒരാമുഖം- ജനാബ് മദാർ അബ്ദുശ്ശക്കൂർ സാഹിബ്

25. വിശ്വാസികളുടെ പാത- ജനാബ് ബി.എം. കോയാ സാഹിബ്

26. കുരിശിനെ അതിജീവിച്ച യേശു- ജനാബ്. കെ.പി. അബ്ദു റഹീം, പുന്നോൽ

27. അഹ്മദിയ്യാ തബ്ലീഗ് സഹായി- ജനാബ് കെ.പി. അബ്ദു റഹീം, പുന്നോൽ

28. ജ്ഞാനാമൃതം (കവിതാ സമാഹാരം)- ജനാബ് എസ്.വി. സൈനുദ്ദീൻ സാഹിബ്

29. ഭാവിയുടെ പുഞ്ചിരി (കവിതാ സമാഹാരം)- ജനാബ് സിദ്ദീഖ് അമീർ അലി സാഹിബ്

30. നിസാബെ തഅ്ലീം 1,2,3 ഭാഗങ്ങൾ- ജനാബ് മുഹമ്മദ് നജീ ബ്ഖാൻ.

# ഒരു സ്വപ്നദർശനം

വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന് ജാഗ്രദർശനത്തിലൂടെ നബി(സ) തിരുമേനിയെ സിയാറത്ത് ചെയ്യാനുള്ള സൗഭാഗ്യം നല്കി അല്ലാഹു അനുഗ്രഹിച്ചിരുന്നു. അതിനെ സംബന്ധിച്ച് മഹാനവർകൾ പറയുന്നു:

"യുവത്വകാലത്തിന്റെ ആദ്യദശകളിൽ ഒരു രാത്രി ഞാൻ സ്വപ്നത്തിൽ കണ്ടു, ഞാനൊരു രാജകൊട്ടാരംപോലെയുള്ള വീട്ടിലാണുള്ളത്. അത് അങ്ങേയറ്റം പവിത്രവും വെടിപ്പുള്ളതുമാണ്. അവിടെ നബി(സ) തിരുമേനിയെക്കുറിച്ചുള്ള സംസാരവും ചർച്ചയും നടന്നുകൊണ്ടിരിക്കുന്നു. നബിതിരുമേനി(സ) എവിടെയാണ് ഇരിക്കുന്നതെന്ന് ഞാൻ ജനങ്ങളോട് ചോദിച്ചു. അവർ ഒരു മുറിയുടെ നേരെ ചൂണ്ടിക്കാണിച്ചു. അങ്ങനെ ഞാൻ മറ്റുള്ളവരോടൊപ്പം ആ മുറിയിലേക്ക് പോയി. നബി(സ)യുടെ തിരുസന്നിധിയിൽ ഞാനെത്തിയപ്പോൾ ആ മഹാത്മാവ് വളരെ സന്തോഷിച്ചു. എന്റെ സലാമിന് ഉത്തമമായ നിലയിൽ മറുപടി തന്നു. ആ ധന്യാത്മാവിന്റെ സൗന്ദര്യവും ഭംഗിയും മുഖകാന്തിയും അനുകമ്പപൂരിതവും സ്നേഹനിർഭരവുമായ ദൃഷ്ടിയും ഇപ്പോഴും എനിക്കോർമ്മയുണ്ട്. അതെനിക്ക് ഒരിക്കലും മറക്കാൻ കഴിയുകയില്ല. നബി(സ)യുടെ സ്നേഹം എന്നെ പ്രേമികനാക്കി. ആ മഹാത്മാവിന്റെ മനോഹരവും ഭംഗിയുള്ളതുമായ മുഖം എന്നെ ആസക്തിയുള്ളവനാക്കി. ആ നേരത്ത് നബി (സ) എന്നോട് ചോദിച്ചു. "അഹ്മദേ, നിന്റെ വലത്തെ കൈയിലെന്താണ്?" ഞാൻ എന്റെ വലതു കൈയിലേക്ക് നോക്കിയപ്പോൾ, എന്റെ കൈയിൽ ഒരു ഗ്രന്ഥമുണ്ടെന്ന് എനിക്ക് മനസ്സിലായി. അതെന്റെതന്നെ ഒരു ഗ്രന്ഥമാണെ

ന്നാണ് തോന്നുന്നത്. ഞാൻ പറഞ്ഞു: "ഹുസൂർ ഇത് ഞാനെഴുതിയ ഒരു ഗ്രന്ഥമാണ്."

ആ ഗ്രന്ഥം കണ്ടുകൊണ്ട് നബി(സ) തിരുമേനി അറബിയിൽ എന്നോട് ചോദിച്ചു "നീ ഇതിന് വെച്ചിട്ടുള്ള പേരെന്താണ്?" ഞാൻ പറഞ്ഞു ഈ ഗ്രന്ഥത്തിന് ഞാൻ ഖുത്ബി എന്നാണ് പേരു വെച്ചിരിക്കുന്നത്. അങ്ങനെ നബി(സ) ആ ഗ്രന്ഥം എന്റെ കൈയിൽനിന്ന് വാങ്ങി. അത് പരിശുദ്ധനബി(സ)യുടെ പവിത്രമായ കൈയിൽ വന്നപ്പോൾ, നബിതിരുമേനിയുടെ കരസ്പർശം ഉണ്ടായപ്പോൾ നല്ല നിറവും ഭംഗിയുള്ളതുമായ ഒരു പഴമായി മാറി. അത് പേരക്കപോലുള്ളതായിരുന്നു. പക്ഷേ, തണ്ണിമത്തന്റെ വലിപ്പമുണ്ടായിരുന്നു. നബി(സ) തിരുമേനി ആ പഴം വീതിച്ചുകൊടുക്കുന്നതിനായി മുറിക്കാൻ തുടങ്ങിയപ്പോൾ അതിൽനിന്ന് തേൻ ഒഴുകാൻ തുടങ്ങി. എത്രമാത്രമെന്നാൽ, നബിതിരുമേനിയുടെ കൈമുട്ടുവരെ തേൻകൊണ്ട് നിറഞ്ഞു. ഇത്രയുമായപ്പോൾ വാതിലിന് വെളിയിൽ കിടന്ന ഒരു മൃതദേഹം നബിതിരുമേനിയുടെ ഈ ദിവ്യാത്ഭുതം കൊണ്ട് ജീവൻവച്ച് ഈ വിനീതന്റെ പിന്നിൽ വന്നുനിന്നു. ന്യായാധിപന്റെ മുന്നിൽ സങ്കടക്കാരൻ നില്ക്കുന്നതുപോലെ ഞാൻ നബി(സ) യുടെ മുന്നിൽ നില്ക്കുകയായിരുന്നു. നബി(സ) വലിയ അന്തസ്സോടും പ്രൗഢിയോടും ഭരണാധികാരിയുടെ പ്രസരിപ്പോടുംകൂടി ശക്തനായ ഒരു ഫയൽമാനെപോലെ കസേരയിൽ ഇരിക്കുകയായിരുന്നു.

പിന്നീട് നടന്നതിന്റെ ചുരുക്കമിതാണ്. നബി(സ) തിരുമേനി ആ പഴത്തിൽനിന്ന് ഒരു കഷണം പുതുതായി ജീവിച്ചുവന്ന ആ മനുഷ്യന് കൊടുക്കുന്നതിനുവേണ്ടി എന്റെ കൈയിൽ തന്നു. ബാക്കി എല്ലാ കഷണങ്ങളും എന്റെ മടിത്തട്ടിലിട്ടു. എന്റെ കൈയിൽ തന്ന ആ കഷണം ഞാൻ ആ പുതുതായി ജീവിച്ച ആൾക്ക് കൊടുത്തു. അയാൾ അവിടെനിന്ന് അത് തിന്നു. ആ മനുഷ്യൻ അത് തിന്നുകഴിഞ്ഞപ്പോൾ നബി(സ) തിരുമേനിയുടെ കസേര ഉയരുന്നതായി ഞാൻ കണ്ടു. അതുയർന്ന് മച്ചിനോടടുത്തെത്തി. ആ നേരത്ത് നബി(സ) തിരുമേനിയുടെ അനുഗൃഹീത മുഖകമലം സൂര്യന്റേയും ചന്ദ്രന്റേയും കിരണങ്ങൾ പതിച്ചുകൊണ്ടിരിക്കുന്നതു

പോലെ വിളങ്ങുന്നതായി ഞാൻ കണ്ടു. ഞാൻ സന്തോഷാദിക്യത്തോടും തീവ്രമായ അനുരാഗത്തോടുംകൂടി നബി(സ) തിരുമേനിയുടെ അനുഗൃഹീതമുഖത്തേക്ക് നോക്കിക്കൊണ്ടിരുന്നു. അപ്പോൾ എന്റെ കണ്ണീരൊഴുകിക്കൊണ്ടിരിക്കുകയായിരുന്നു. പിന്നീട് ഞാൻ ഉണർന്നു. അപ്പോഴും ഞാൻ വല്ലാതെ കരയുന്നുണ്ടായിരുന്നു. ആ സന്ദർഭത്തിൽ ആ മൃതതുല്യനായ വ്യക്തി ഇസ്‌ലാമാണെന്ന് അല്ലാഹു എന്റെ മനസ്സിലിട്ടു. അല്ലാഹുതആല നബി(സ) തിരുമേനിയുടെ ആത്മീയമായ അനുഗ്രഹസമൃദ്ധിയിലൂടെ ഇപ്പോൾ അതിനെ എന്റെ കൈയാൽ ജീവിപ്പിക്കുന്നതാണ്." (സ്വദ്സാല തഹ്‌രീഖെ അഹ്‌മദിയ്യത്ത്, ക്വിസ്, പേജ് 44-46)

# ISLAMIC QUIZ

**(PART- 2)**

Islamic Quiz in two parts deals with
the teachings of the Holy Quran
and the example of the Holy Prophet(SAW)
and the promised Messiah (A).

This, the second part,
is intended to aid the students
of Islamic lore with special emphasis
on the Ahmadiyya Movement in Islam.

While praising Allah the most beneficent,
for enabling her to do this work
the author requests the prayers
of the readers.

ISLAM INTERNATIONAL PUBLICATIONS,KERALA.